17
2026
ജനുവരി
ശനി
മകരം 3

NAUTICAL TIMES
KERALA
The National Daily in Malayalam / English
# നോട്ടിക്കൽ ടൈംസ് കേരള
e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം Thiruvananthapuram | web: www. nauticaltimesmedia.com | Volume-7, Issue No. 20 Page 4, | Price: Rs. 2 | പുസ്തകം-7 ലക്കം-20 | പേജ് 4. വില 2.00 രൂപ




02 രാഹുലിൻെറ ജാമ്യാപേക്ഷയിൽ വാദം പൂർത്തിയായി; വിധി ശനിയാഴ്ച

03 അനധികൃത വാഹനപാർക്കിംഗ്; 61,86,650 രൂപ പിഴ ഈടാക്കി

04 ലൈഫ് മിഷൻ നാലുലക്ഷം ഭൂരഹിതർക്ക് വീട് നൽകിയിട്ടില്ല: ചെറിയാൻ ഫിലിപ്പ്

# സംസ്ഥാനത്തെ ആദ്യ കമ്മ്യൂൺ കേന്ദ്രം 19ന്

## മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യും




ഐ.ടി വിജ്ഞാനധിഷ്ഠിത മേഖലകളിൽ ജോലി ചെയ്യുന്നവർക്ക് സ്വന്തം വീടിനടുത്ത് ലോകോത്തര നിലവാരത്തിലുള്ള തൊഴിലിടങ്ങൾ ഒരുക്കുന്ന സംസ്ഥാന സർക്കാരിന്റെ ''കമ്മ്യൂൺ'' 'വർക്ക് നിയർ ഹോം' (WNH) പദ്ധതിക്ക് തുടക്കമാകുന്നു. പദ്ധതിയുടെ ഭാഗമായുള്ള കേരളത്തിലെ ആദ്യ പൈലറ്റ് കേന്ദ്രം ജനുവരി 19 വൈകിട്ട് 4 ന് കൊട്ടാരക്കരയിൽ മുഖ്യമന്ത്രി പിണറായി വിജയൻ നാടിന് സമർപ്പിക്കുമെന്ന് ധനകാര്യ വകുപ്പ് മന്ത്രി കെ.എൻ. ബാലഗോപാൽ മാസ്കോട്ട് ഹോട്ടലിൽ വാർത്താ സമ്മേളനത്തിൽ അറിയിച്ചു. മന്ത്രി കെ. എൻ ബാലഗോപാൽ അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ മന്ത്രിമാരായ ജെ. ചിഞ്ചുറാണി, കെ.ബി. ഗണേഷ് കുമാർ എന്നിവർ വിശിഷ്ടാതിഥികളായി പങ്കെടുക്കും.

ആഗോള തൊഴിൽ വിപണിയിൽ വലിയ മാറ്റം സംഭവിച്ചിരിക്കുകയാണ്. ലോകമെമ്പാടും റിമോട്ട് വർക്കിംഗ്, ഹൈബ്രിഡ് ജോലി രീതികൾ എന്നിവയ്ക്ക് വലിയ സ്വീകാര്യത ലഭിക്കുന്ന കാലഘട്ടമാണിത്. അതിൽ കേരളത്തിന്റെ പ്രസക്തി വളരെ വലുതാണ്. വൻകിട നഗരങ്ങളിലെ ഉയർന്ന ജീവിതച്ചെലവും യാത്രാക്ലേശവും ആഗോളതലത്തിൽ പ്രൊഫഷണലുകളെ മാറിചിന്തിപ്പിക്കുന്നുണ്ട്. ഈ സാഹചര്യത്തിൽ, ഗ്രാമീണ സൗന്ദര്യവും നഗരതുല്യമായ സാങ്കേതിക സൗകര്യങ്ങളും ഒത്തുചേരുന്ന കേരളത്തിലെ 'വർക്ക് നിയർ ഹോം' കേന്ദ്രങ്ങൾ ആഗോള കമ്പനികളെ കേരളത്തിലേക്ക് ആകർഷിക്കാൻ സഹായിക്കുമെന്ന് മന്ത്രി പറഞ്ഞു.

കെ-ഡിസ്ക് സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) ആയി പ്രവർത്തിക്കുന്ന ഈ പദ്ധതിക്ക് കിഫ്ബി ആണ് പലിശരഹിത വായ്പയിലൂടെ മൂലധനം നൽകുന്നത്. ആദ്യഘട്ടത്തിൽ 10 കേന്ദ്രങ്ങളാണ് സംസ്ഥാനത്താകെ ലക്ഷ്യമിടുന്നത്. കൊട്ടാരക്കരയ്ക്ക് പുറമെ കളമശ്ശേരി, രാമനാട്ടുകര, തളിപ്പറമ്പ്, പെരിന്തൽമണ്ണ തുടങ്ങി ഒൻപത് കേന്ദ്രങ്ങൾ കൂടി ഉടൻ പ്രവർത്തനസജ്ജമാകും. പ്രാദേശിക തൊഴിൽ അവസരങ്ങൾ വർധിപ്പിക്കുക, കഴിവുള്ള പ്രൊഫഷണലുകളെ അവരുടെ നാട്ടിലേക്ക് തിരിച്ചുകൊണ്ടുവരിക, കേരളത്തെ ഒരു ആഗോള 'സ്കിൽ ഡെവലപ്മെന്റ് ഹബ്ബ്' ആയി ഉയർത്തുക എന്നിവയാണ് പദ്ധതിയുടെ ലക്ഷ്യം. പ്രവാസം, ദീർഘദൂര യാത്രകൾ, സുരക്ഷിതമായ തൊഴിൽ അന്തരീക്ഷത്തിന്റെ അഭാവം തുടങ്ങിയ വെല്ലുവിളികൾക്കുള്ള ഫലപ്രദമായ പരിഹാരമാണിതെന്ന് മന്ത്രി പറഞ്ഞു.

ദീർഘകാലാടിസ്ഥാനത്തിൽ കേരളത്തിലെ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലേക്കും വർക്ക് നിയർ ഹോം ശൃംഖല വ്യാപിപ്പിക്കും. ഇതുവഴി 5 ലക്ഷം പേർക്ക് തൊഴിൽ സാഹചര്യവും 50,000 പുതിയ തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെടുമെന്നാണ് സർക്കാർ കണക്കാക്കുന്നത്. സംസ്ഥാനത്തിന് പുറത്തേക്ക് പോകുന്ന 5000 കോടി രൂപയോളം സാമ്പത്തിക മൂല്യം ഇതിലൂടെ കേരളത്തിനുള്ളിൽ തന്നെ നിലനിർത്താൻ സാധിക്കും. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും സംരംഭകർക്കും കിഫ്ബി വഴി പലിശരഹിത വായ്പ ലഭ്യമാക്കി 'വർക്ക് നിയർ ഹോം' പദ്ധതി കൂടുതൽ സ്ഥലങ്ങളിലേക്ക് വ്യാപിപ്പിക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നതെന്നും മന്ത്രി പറഞ്ഞു.

കമ്പനികൾക്ക് ഓഫീസ് പരിപാലനത്തിനുള്ള ഭീമമായ തുക ലാഭിക്കാമെന്നതും പ്രൊഫഷണലുകൾക്ക് സമാധാനപരമായ അന്തരീക്ഷത്തിൽ ജോലി ചെയ്യാമെന്നതും ആഗോള തൊഴിൽ വിപണിയിൽ കേരളത്തിന്റെ പ്രാധാന്യം വർദ്ധിപ്പിക്കും. മികച്ച തൊഴിൽ തേടി മെട്രോ നഗരങ്ങളിലേക്കും വിദേശ രാജ്യങ്ങളിലേക്കും യുവപ്രതിഭകൾ കുടിയേറുന്നത് ഒഴിവാക്കി, അവർക്ക് സ്വന്തം നാട്ടിൽത്തന്നെ മികച്ച കരിയർ ഉറപ്പാക്കാനും പദ്ധതിയിലൂടെ സാധിക്കും.

## ആൽത്തറ വിനീഷ് വധക്കേസ്: മുഴുവൻ പ്രതികളെയും കോടതി വെറുതെ വിട്ടു

തിരുവനന്തപുരം: ഗുണ്ടാത്തലവൻ ആൽത്തറ വിനീഷ് വധക്കേസിലെ മുഴുവൻ പ്രതികളെയും കോടതി വെറുതെ വിട്ടു. കേസിലെ പ്രതികളായ അനിൽകുമാർ, രാജേന്ദ്രൻ, ശോഭ ജോൺ, രതീഷ്, ചന്ദ്രബോസ്, സാജു, വിമൽ, രാധാകൃഷ്ണൻ എന്നിവരെയാണ് കോടതി വെറുതെ വിട്ടത്. വിചാരണ വേളയിൽ പ്രധാന സാക്ഷികൾ മരിച്ചതും മറ്റ് സാക്ഷികൾ കൂറു മാറിയതും കേസിൽ തിരിച്ചടിയാവുകയായിരുന്നു. ആൽത്തറ ജംഗ്ഷനിൽ വച്ചാണ് വിനീഷിനെ വെട്ടിക്കൊലപ്പെടുത്തിയത്. കേപ്പൻ അനിയുടേയും ജാമ്യത്തിലിറങ്ങിയ രണ്ടാം പ്രതി രാജേന്ദ്രൻറേയും സഹോദരൻമാരെ കൊലപ്പെടുത്തിയതിൻറെ പ്രതികാരമായിട്ടായിരുന്നു കൊലപാതകം. സാക്ഷികൾ കൂറുമാറിയതോടെ പ്രതികളെ വെറുതെ വിടുകയായിരുന്നു.

## ശബരിമല സ്വർണക്കൊള്ള: ഉദ്യോഗസ്ഥരെ കുടുക്കാൻ ശ്രമമെന്ന് പി.എസ്. പ്രശാന്ത്

തിരുവനന്തപുരം: ശബരിമല സ്വർണക്കൊള്ള കേസിൽ തൻറെ നേതൃത്വത്തിലുള്ള ബോർഡിനെയും ഉദ്യോഗസ്ഥരെയും കുടുക്കാൻ ശ്രമം നടക്കുന്നതായി തിരുവിതാംകൂർ ദേവസ്വം ബോർഡ് മുൻ പ്രസിഡൻറ് പി.എസ്. പ്രശാന്ത്. തൻറെ ഭരണകാലത്ത് സ്വർണപാളികൾ ഉണ്ണികൃഷ്ണൻ പോറ്റിയുടെ കൈവശം കൊടുത്തയച്ചിട്ടില്ലെന്നും ഉദ്യോഗസ്ഥരുടെ അകമ്പടിയോടെയാണ് ചെന്നൈയിലേക്ക് കൊണ്ടുപോയതെന്നും പ്രശാന്ത് പറഞ്ഞു.

'ദേവസ്വം ബോർഡിന് ഒരു നഷ്ടവും സംഭവിച്ചിട്ടില്ല. സ്വർണപാളികളുടെ ഭാരം പണിക്ക് ശേഷം കൂടുകയാണ് ചെയ്തത്. മാത്രമല്ല സ്വർണപാളികൾ ഉണ്ണികൃഷ്ണൻ പോറ്റിയുടെ കൈവശം കൊടുത്തയച്ചിട്ടില്ല.'-

## 'പറന്നുയരാം കരുത്തോടെ' :വനിതാ കമീഷൻ കാമ്പയിൻ ലോഗോ മുഖ്യമന്ത്രി പ്രകാശനം ചെയ്തു

### മഞ്ജു വാര്യർ കാമ്പയിൻ അംബാസിഡർ

കേരള വനിതാ കമ്മീഷൻ നടപ്പാക്കുന്ന 'പറന്നുയരാം കരുത്തോടെ' കാമ്പയിന്റെ ലോഗോ പ്രകാശനം മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിച്ചു. മുഖ്യമന്ത്രിയുടെ ഓഫീസിൽ നടന്ന ചടങ്ങിൽ കമ്മീഷൻ അധ്യക്ഷ അഡ്വ. പി സതീദേവി, അംഗം അഡ്വ. ഇന്ദിര രവീന്ദ്രൻ , മെമ്പർ സെക്രട്ടറി കെ ഹരികുമാർ തുടങ്ങിയവർ പങ്കെടുത്തു.

ജീവിത പ്രതിസന്ധികളെ തരണം ചെയ്യാൻ സ്ത്രീകളെ പ്രാപ്തരാക്കുക, അവരുടെ മനക്കരുത്ത് വർധിപ്പിക്കുക എന്നീ ലക്ഷ്യങ്ങളോടെയാണ് 'പറന്നുയരാം കരുത്തോടെ' എന്ന ടാഗ്ലൈനിൽ സംസ്ഥാനത്തുടനീളം കാമ്പയിൻ സംഘടിപ്പിക്കുന്നത്. പ്രശസ്തനടി മഞ്ജു വാര്യരാണ് കാമ്പയിൻ അംബാസിഡർ. ആദ്യഘട്ടമായി സംസ്ഥാനത്ത് മൂന്നിടങ്ങളിൽ വിവിധ മേഖലകളിൽ നിന്നുള്ള സ്ത്രീകളെ പങ്കെടുപ്പിച്ച് പരിപാടികൾ സംഘടിപ്പിക്കും.

സംസ്ഥാനതല ഉദ്ഘാടനം ഈ മാസം 19 (തിങ്കളാഴ്ച )ഉച്ചയ്ക്ക് 3 ന് തിരുവനന്തപുരം വൈലോപ്പിള്ളി സംസ്കൃതി ഭവനിൽ വനിതാ ശിശുവികസന, ആരോഗ്യവകുപ്പ് മന്ത്രി വീണാ ജോർജ്ജ് നിർവഹിക്കും. ഉന്നത വിദ്യാഭ്യാസ, സാമൂഹ്യനീതി വകുപ്പ് മന്ത്രി ഡോ. ആർ ബിന്ദു, ക്ഷീര, മൃഗസംരക്ഷണ വകുപ്പ് മന്ത്രി ജെ ചിഞ്ചുറാണി, വനിതാ ശിശു വികസന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഡോ. ഷർമ്മിള മേരി ജോസഫ്, ഡയറക്ടർ ഹരിത വി കുമാർ, ജില്ലാ കളക്ടർ അനുകുമാരി, പോലീസ് ഐ ജി എസ് അജിതാബീഗം, കമ്മീഷൻ അംഗങ്ങളായ അഡ്വ ഇന്ദിരാ രവീന്ദ്രൻ, അഡ്വ എലിസബത്ത് മാമൻ മത്തായി, വി ആർ മഹിളാമണി, അഡ്വ പി കുഞ്ഞായിഷ തുടങ്ങിയവർ പങ്കെടുക്കും.

'നമുക്കെങ്ങനെ പറന്നുയരാം' എന്ന വിഷയത്തിൽ പ്രശസ്ത ഡബ്ബിങ് ആർട്ടിസ്റ്റ് ഭാഗ്യലക്ഷ്മി മോഡറേറ്ററാകുന്ന സംവാദവും ഉണ്ടാകും. സർക്കാർ പ്ളീഡർ, പ്രോസിക്യൂട്ടർ ഡോ. ടി ഗീനാകുമാരി, ജൻഡർ കൺസൽട്ടൻറ് ഡോ. ടി കെ ആനന്ദി, എഴുത്തുകാരി ഡോ. ചന്ദ്രമതി, എച്ചുമുക്കുട്ടി, മെന്റൽ ഹെൽത്ത് റിവ്യൂ ബോർഡ് അംഗം ഡോ. ഷാലിമ, കമ്മീഷൻ അംഗങ്ങൾ, ഡയറക്ടർ ഷാജി സുഗുണൻ, ലോ ഓഫീസർ കെ ചന്ദ്രശോഭ തുടങ്ങിയവർ പാനലിസ്റ്റുകളാകും. തുടർന്ന് പ്രശസ്ത ഗായിക ആര്യ ദയാലിന്റെ സംഗീത പരിപാടി നടക്കും.

കമ്മീഷൻ ആസ്ഥാനമായ തിരുവനന്തപുരത്തും ,മേഖലാ ഓഫീസുകൾ പ്രവർത്തിക്കുന്ന കോഴിക്കോടും എറണാകുളത്തും വനിതകൾക്ക് സൗജന്യ കൗസിലിംഗ് സൗകര്യം ഏർപ്പെടുത്തിയിട്ടുള്ളത് പരമാവധി പ്രയോജനപ്പെടുത്തണമെന്ന് കമ്മീഷൻ അധ്യക്ഷ അഭ്യർത്ഥിച്ചു.

## അതിജീവിതയെ അധിക്ഷേപിച്ച് ഫേസ്ബുക്ക് പോസ്റ്റ്; രഞ്ജിത പുളിക്കൻ അറസ്റ്റിൽ

തിരുവനന്തപുരം: രാഹുൽ മാങ്കൂട്ടത്തിലിനെതിരായ പീഡനക്കേസിലെ അതിജീവിതയെ അധിക്ഷേപിച്ച കേസിൽ പത്തനംതിട്ടയിലെ കോൺഗ്രസ് പ്രവർത്തക രഞ്ജിത പുളിക്കൻ അറസ്റ്റിൽ.

രാഹുൽ മാങ്കൂട്ടത്തിലിനെതിരായ പരാതിക്കാരിയെ അധിക്ഷേപിച്ച് ഫേസ്ബുക്കിൽ ഇവർ പോസ്റ്റിട്ടിരുന്നു. പത്തനംതിട്ട സൈബർ പോലീസ് കോട്ടയത്തെത്തിയാണ് രഞ്ജിതയെ അറസ്റ്റ് ചെയ്തത്.

## മുകുൾ റോയിയെ അയോഗ്യനാക്കിയ കോൽക്കത്ത ഹൈക്കോടതി വിധി റദ്ദാക്കി സുപ്രീംകോടതി

കോൽക്കത്ത: മുകുൾ റോയിയെ എംഎൽഎ സ്ഥാനത്ത് നിന്ന് അയോഗ്യനാക്കിയ കോൽക്കത്ത ഹൈക്കോടതി വിധി റദ്ദാക്കി സുപ്രീംകോടതി.

ബിജെപിയിൽ നിന്ന് തൃണമൂൽ കോൺഗ്രസിലേക്ക് കൂറുമാറിയതിനെ തുടർന്നാണ് മുകുൾ റോയിയെ കോൽക്കത്ത ഹൈക്കോടതി അയോഗ്യനാക്കിയത്. തുടർന്ന് അദ്ദേഹം സുപ്രീം കോടതിയെ സമീപിക്കുകയായിരുന്നു.

ചീഫ് ജസ്റ്റീസ് സൂര്യകാന്ത്, ജസ്റ്റീസ് ജോയ്മല്യ ബാഗ്ചി എന്നിവരടങ്ങിയ ബെഞ്ചാണ് കൂറുമാറ്റ നിരോധന വ്യവസ്ഥകൾ ഉപയോഗിച്ച് റോയിയെ പുറത്താക്കിയ ഹൈക്കോടതി വിധി റദ്ദാക്കിയത്.

2021 ലെ നിയമസഭാ തെരഞ്ഞെടുപ്പിൽ ഭാരതീയ ജനതാ പാർട്ടി (ബിജെപി) സ്ഥാനാർഥിയായി കൃഷ്ണനഗർ ഉത്തറിൽ നിന്നും മത്സരിച്ച് ജയിച്ച മുകുൾ റോയി, ഭരണകക്ഷിയായ തൃണമൂൽ കോൺഗ്രസിലേക്ക് (ടിഎംസി) കൂറുമാറി. മുഖ്യമന്ത്രി മമത ബാനർജിയുടെയും ടിഎംസി ജനറൽ സെക്രട്ടറി അഭിഷേക് ബാനർജിയുടെയും സാന്നിധ്യത്തിലാണ് അദ്ദേഹം ടിഎംസിയിൽ അംഗത്വം സ്വീകരിച്ചത്.

ബിജെപി ടിക്കറ്റിൽ നിന്നും വിജയിച്ച മുകുൾ റോയി തൃണമൂൽ കോൺഗ്രസിൽ ചേർന്നത് കൂറുമാറ്റ നിരോധന നിയമത്തിന് കീഴിൽ വരുമെന്ന് നിരീക്ഷിച്ചാണ് കോൽക്കത്ത ഹൈക്കോടതി അദ്ദേഹത്തെ അയോഗ്യനാക്കിയത്. ബിജെപിയാണ് മുകുൾ റോയിക്കെതിരെ കോൽക്കത്ത ഹൈക്കോടതിയെ സമീപിച്ചത്.

## ജെസി ഡാനിയേൽ പുരസ്കാരം ശാരദയ്ക്ക്

തിരുവനന്തപുരം: മലയാള ചലച്ചിത്രരംഗത്തെ സമഗ്ര സംഭാവനയ്ക്കുള്ള 2024ലെ ജെസി ഡാനിയേൽ പുരസ്കാരം നടി ശാരദയ്ക്ക്. സാംസ്കാരിക മന്ത്രി സജി ചെറിയാനാണ് ഇക്കാര്യം അറിയിച്ചത്.

സംസ്ഥാന സർക്കാരിൻറെ പരമോന്നത ചലച്ചിത്ര പുരസ്കാരമാണ് അഞ്ചു ലക്ഷം രൂപയും പ്രശസ്തിപത്രവും ശിൽപ്പവും അടങ്ങുന്ന അവാർഡ്. കേരള സർക്കാരിൻറെ പരമോന്നത ചലച്ചിത്രബഹുമതി ലഭിക്കുന്ന 32-ാമത്തെ ചലച്ചിത്രപ്രതിഭയാണ് ശാരദ.

പുരസ്കാരം ജനുവരി 25ന് തിരുവനന്തപുരം നിശാഗന്ധിയിൽ നടക്കുന്ന കേരള സംസ്ഥാന ചലച്ചിത്ര അവാർഡ് സമർപ്പണച്ചടങ്ങിൽ മുഖ്യമന്ത്രി പിണറായി വിജയൻ സമ്മാനിക്കും. 2017ലെ ജെസി ഡാനിയേൽ



അവാർഡ് ജേതാവ് ശ്രീകുമാരൻ തമ്പി ചെയർപേഴ്സണും നടി ഉർവശി, സംവിധായകൻ ബാലു കിരിയത്ത് എന്നിവർ അംഗങ്ങളും ചലച്ചിത്ര അക്കാദമി സെക്രട്ടറി സി. അജോയ് മെമ്പർ സെക്രട്ടറിയുമായ സമിതിയാണ് പുരസ്കാര ജേതാവിനെ തെരഞ്ഞെടുത്തത്.

അഭിനേത്രിയെന്ന നിലയിൽ അസാധാരണ പ്രതിഭ തെളിയിച്ച ശാരദ രണ്ടു തവണ മികച്ച നടിക്കുള്ള ദേശീയ പുരസ്കാരം മലയാള സിനിമയ്ക്ക് നേടിത്തന്നുവെന്ന് ജൂറി അഭിപ്രായപ്പെട്ടു. അറുപതുകൾ മുതലുള്ള രണ്ടു പതിറ്റാണ്ടുകളിലെ മലയാളിസ്ത്രീയെ തിരശീലയിൽ അനശ്വരയാക്കാൻ ശാരദയ്ക്ക് കഴിഞ്ഞു.

ആ കാലഘട്ടത്തിലെ മലയാളിസ്ത്രീയുടെ സഹനങ്ങളെയും ദുരിതങ്ങളെയും നിയന്ത്രിതമായ ഭാവപ്പകർച്ചകളോടെ അവതരിപ്പിച്ച ശാരദയ്ക്ക് 1968 ൽ തുലാഭാരം എന്ന സിനിമയിലൂടെയാണ് ആദ്യ ദേശീയ പുരസ്കാരം ലഭിച്ചത്. തുടർന്ന് 1972 ൽ അടൂർ ഗോപാലകൃഷ്ണൻറെ സ്വയംവരത്തിലൂടെയും 1977 ൽ തെലുങ്ക് ചിത്രമായ നിമജ്ജനത്തിലൂടെയും അവർ ദേശീയ അംഗീകാരം നേടി.

ത്രിവേണി, മുറപ്പെണ്ണ്, മൂലധനം, ഒരു മിന്നാമിനുങ്ങിൻറെ നുറുങ്ങുവെട്ടം തുടങ്ങിയ ചിത്രങ്ങളിൽ മലയാളിക്ക് ഒരിക്കലും മറക്കാനാവാത്ത നിരവധി കഥാപാത്രങ്ങളെ അവതരിപ്പിച്ച ശാരദ, കേരള സർക്കാരിൻറെ പരമോന്നത ചലച്ചിത്ര ബഹുമതിക്ക് എന്തുകൊണ്ടും അർഹയാണെന്ന് ജൂറി വിലയിരുത്തി.

1945 ജൂൺ 25ന് ആന്ധ്രപ്രദേശിലെ തെനാലി ഗ്രാമത്തിൽ വെങ്കിടേശ്വര റാവുവിൻറെയും സത്യവാണി ദേവിയുടെയും മകളായി ജനിച്ച സരസ്വതീദേവി ഇരുമിത്രലു എന്ന ആദ്യ തെലുങ്കു ചിത്രത്തിൽ അഭിനയിക്കുമ്പോഴാണ് ശാരദ എന്ന പേര് സ്വീകരിച്ചത്.

മുട്ടത്തു വർക്കി രചിച്ച് കുഞ്ചാക്കോ സംവിധാനം ചെയ്ത ഇണപ്രാവുകൾ എന്ന ചിത്രത്തിലൂടെ 1965ൽ മലയാള സിനിമയിൽ അരങ്ങേറി.



# ന്യൂനപക്ഷ വിഭാഗക്കാർക്ക് സ്വയംതൊഴിൽ പദ്ധതി

ന്യൂനപക്ഷ വിഭാഗത്തിലെ വിധവകൾ, വിവാഹമോചിതർ, ഭർത്താവ് ഉപേക്ഷിക്കപ്പെട്ട സ്ത്രീകൾ എന്നിവർക്കായി സംസ്ഥാന ന്യൂനപക്ഷ ക്ഷേമ വകുപ്പ്, സംസ്ഥാന ന്യൂനപക്ഷവികസന ധനകാര്യ കോർപ്പറേഷൻ മുഖേന സ്വയംതൊഴിൽ പദ്ധതി നടപ്പിലാക്കുന്നു. 20 വയസ്സിനും 60 വയസ്സിനും ഇടയിലുള്ളവർക്ക് അപേക്ഷിക്കാം. പദ്ധതിയുടെ ഭാഗമായി, പരമാവധി 5 ലക്ഷം രൂപ വരെ വായ്പ അനുവദിക്കും. വായ്പാ തുകയുടെ 20 ശതമാനം സബ്സിഡിയായി ലഭിക്കും.

കുടുംബ വാർഷിക വരുമാനപരിധി 2.5 ലക്ഷം രൂപ വരെ കവിയരുത്. മാനസിക ശാരീരിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾ ഉള്ളവർ, 18 വയസ്സിന് താഴെ പ്രായം വരുന്ന കുട്ടികളുള്ളവർ, ബിപിഎൽ കുടുംബങ്ങൾ എന്നിവർക്ക് മുൻഗണന ലഭിക്കും. ബിപിഎൽ വിഭാഗത്തിന്റെ അഭാവത്തിൽ കുടുംബ വാർഷിക വരുമാനപരിധി 2.5 ലക്ഷം വരെയുള്ള എപിഎൽ വിഭാഗത്തെയും പരിഗണിക്കും. സബ്സിഡി കിഴിച്ചുള്ള വായ്പാ തുകയ്ക്ക് 6 ശതമാനം പലിശ നിരക്ക് മാത്രമാണ് ഈടാക്കുന്നത്.

അപേക്ഷകൾ www.ksmdfc.org Â online ആയി സമർപ്പിക്കാം. കൂടാതെ വെബ്സൈറ്റിൽ നിന്നും അപേക്ഷാ ഫാറം ഡൗൺലോഡ് ചെയ്ത്,പൂർണ്ണമായി പൂരിപ്പിച്ച് നേരിട്ടും തപാൽ മുഖേനയും കോർപ്പറേഷന്റെ ഹെഡ് ഓഫീസ്/ റീജിയണൽ ഓഫീസുകളിൽ സമർപ്പിക്കാം. ഹെഡ് ഓഫീസ്-വിലാസം

അപേക്ഷാ വിലാസം : കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ ലിമിറ്റഡ് ഹെഡ് ഓഫീസ്, ഗഡഞ്ഞഉഎഇ ബിൽഡിംഗ്, വെസ്റ്റ് ഹിൽ (ജഒ), ചക്കോരത്ത്കുളം, കോഴിക്കോട് 673005 ഫോൺ: 0495-2368366

റീജിയണൽ ഓഫീസുകൾ

കാസർഗോഡ്, കണ്ണൂർ

അപേക്ഷാ വിലാസം: കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ ലിമിറ്റഡ്, റീജിയണൽ ഓഫീസ്, ബസ് സ്റ്റാൻഡ് ബിൽഡിംഗ്, ചെങ്കള (ജഒ) ചേർക്കള, കാസർഗോഡ്- 671541, ഫോൺ : 04994-283061

കോഴിക്കോട്, വയനാട്

അപേക്ഷാ വിലാസം: കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ ലിമിറ്റഡ്, ഹെഡ് ഓഫീസ്, ഗഡഞ്ഞഉഎഇ ബിൽഡിംഗ്, വെസ്റ്റ്ഹിൽ (ജഒ), ചേക്കോരത്തുകുളം, കോഴിക്കോട്- 673005, ഫോൺ : 0495-2368366

മലപ്പുറം, പാലക്കാട്

അപേക്ഷാ വിലാസം : കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ ലിമിറ്റഡ് റീജിയണൽ ഓഫീസ്, സുന്നിമഹൽ ബിൽഡിംഗ്, ജൂബിലി മിനി ബൈപാസ്റോഡ്, പെരിന്തൽമണ്ണ, മലപ്പുറം - 679322, ഫോൺ : 04933-297017

എറണാകുളം, ഇടുക്കി, കോട്ടയം

അപേക്ഷാ വിലാസം: കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ ലിമിറ്റഡ് റീജിയണൽ ഓഫീസ്, പി.ഡി.ഡി. റസ്റ്റ്ഹൗസ് ബിൽഡിംഗ് കോംപ്ലക്സ്, ഒന്നാംനില, പത്തടിപ്പാലം,

കളമശ്ശേരി, എറണാകുളം - 682033,ഫോൺ : 0484-2532855.

തിരുവനന്തപുരം, ആലപ്പുഴ, കൊല്ലം, പത്തനംതിട്ട

അപേക്ഷാ വിലാസം : കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ ലിമിറ്റഡ്

റീജിയണൽ ഓഫീസ്, കെ.എസ്.ആർ.ടി.സി ബസ് ടെർമിനൽ കോംപ്ലക്സ്, 8-ാം നില, തമ്പാനൂർ, തിരുവനന്തപുരം - 695001, ഫോൺ: 0471-2324232.

# ആധുനിക സൗകര്യങ്ങളോടെ കൊട്ടാരക്കരയിലെ കമ്മ്യൂൺ സെന്റർ

കൊട്ടാരക്കര ബി.എസ്.എൻ.എൽ മെയിൻ ബിൽഡിംഗിൽ 9,249.97 ചതുരശ്ര അടി വിസ്തീർണ്ണത്തിൽ സജ്ജീകരിച്ചിരിക്കുന്ന വർക്ക് നിയർ ഹോം കേന്ദ്രത്തിൽ 141 പ്രൊഫഷണൽ വർക്ക് സ്പേസുകളാണുള്ളത്. ചെറുകിട നഗരങ്ങളിൽ 'പ്ലഗ് ആൻഡ് പ്ലേ' (ജഹൗഴമിറജഹമ്യ) മാതൃകയിലാണ് വർക്ക് സ്റ്റേഷനുകൾ സജ്ജീകരിക്കുന്നത്. അതിവേഗ ഇന്റർനെറ്റ്, എയർകണ്ടീഷൻ ചെയ്ത കാബിനുകൾ, മീറ്റിംഗ് റൂമുകൾ, കോൺഫറൻസ് ഹാൾ, കഫറ്റീരിയ എന്നിവയടക്കം ഒരു ഐടി പാർക്കിന് തുല്യമായ അന്തരീക്ഷം. റിമോട്ട് ജീവനക്കാർ, ഫ്രീലാൻസർമാർ, സ്റ്റാർട്ടപ്പുകൾ, പഠനത്തോടൊപ്പം ജോലി ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ. പ്രത്യേകിച്ച്, കുടുംബ ഉത്തരവാദിത്തങ്ങൾ കാരണം ജോലി ഉപേക്ഷിക്കേണ്ടി വന്ന വനിതാ പ്രൊഫഷണലുകൾക്ക് സുരക്ഷിതമായ ഈ തൊഴിലിടങ്ങൾ വലിയ മുതൽക്കൂട്ടാകും.ബി.എസ്.എൻ.എൽ കെട്ടിടത്തിന്റെ താഴത്തെ ഫ്ലോറും ഒന്നാം നിലയും പൂർണ്ണമായും കേന്ദ്രത്തിനായി പ്രയോജനപ്പെടുത്തും. വലിയൊരു തൊഴിൽ സേനയെ ഒരേസമയം ഉൾക്കൊള്ളാൻ ശേഷിയുള്ള ഈ കെട്ടിടത്തിൽ, ആകർഷകമായ ഇന്റീരിയർ ഡിസൈനുകളും ആധുനിക ഫർണിച്ചറുകളും ഉൾപ്പെടുത്തി നവീകരണ പ്രവർത്തനങ്ങൾ ചെയ്തിട്ടുണ്ട്. 4.87 കോടി രൂപയാണ് പദ്ധതിക്കായി ചെലവാക്കിയിരിക്കുന്നത്. വർക്ക് നിയർ ഹോം സെന്റർ സജ്ജമാക്കുന്നതിനായി ബി.എസ്.എൻ.എൽ കെട്ടിടം പത്ത് വർഷത്തെ കരാറടിസ്ഥാനത്തിൽ ഏറ്റെടുത്തിരിക്കുകയാണ്.ഉദ്ഘാടനത്തോടനുബന്ധിച്ച് ജനുവരി 18 മുതൽ 24 വരെ വിപുലമായ ലേണിംഗ് ഫെസ്റ്റിവൽ സംഘടിപ്പിച്ചിട്ടുണ്ട്. അഞ/ഡഞ, റോബോട്ടിക്സ്, ഡ്രോൺ എക്സ്പീരിയൻഷ്യൽ സോണുകൾ. വിദഗ്ദ്ധർ നയിക്കുന്ന ഹാൻഡ്സ് ഓൺ സെഷനുകൾ എന്നിവയിൽ മുൻകൂട്ടി രജിസ്റ്റർ ചെയ്ത് പങ്കെടുക്കാനാകും.

# കോന്നി മെഡിക്കൽ കോളേജിൽ 50 കോടി രൂപയുടെ 5 പദ്ധതികൾ മന്ത്രി വീണാ ജോർജ് ഉദ്ഘാടനം ചെയ്യും

കോന്നി മെഡിക്കൽ കോളേജിൽ 50 കോടി രൂപ മുതൽ മുടക്കിൽ നിർമ്മാണം പൂർത്തീകരിച്ച വിവിധ പദ്ധതികളുടെ ഉദ്ഘാടനം ജനുവരി 17 ശനിയാഴ്ച രാവിലെ 11 മണിക്ക് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് നിർവഹിക്കും. കെ യു ജനീഷ് കുമാർ എം.എൽ.എ. ചടങ്ങിൽ അദ്ധ്യക്ഷത വഹിക്കും.

കിഫ്ബി മുഖാന്തിരം 22.80 കോടി രൂപ മുതൽമുടക്കിൽ നിർമ്മിച്ച അക്കാദമിക് ബ്ലോക്ക് ഫേസ് 2 & അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക്, 16.25 കോടി രൂപ ചിലവഴിച്ചു നിർമ്മിച്ച 40 അപ്പാർട്ട്മെന്റുകൾ ഉള്ള ടൈപ്പ് ഡി ക്വാർട്ടേഴ്സ്, 9.10 കോടി രൂപ ചിലവഴിച്ചു നിർമ്മിച്ച 40 അപ്പാർട്ട്മെന്റുകളുള്ള ടൈപ്പ് ബി ക്വാർട്ടേഴ്സ്, 1.05 കോടി ചിലവഴിച്ച് 2 നിലകളിലായി നിർമ്മിച്ച ഡീൻ വില്ല, 84 ലക്ഷം രൂപ ഉപയോഗിച്ച് നിർമ്മിച്ച 17 കിടക്കകളോട് കൂടിയ മെഡിക്കൽ ഐസിയു എന്നിവയാണ് മന്ത്രി നാടിന് സമർപ്പിക്കുന്നത്.ഈ സർക്കാരിന്റെ കാലത്ത് കോന്നി മെഡിക്കൽ കോളേജിന് അംഗീകാരം നേടിയെടുത്ത് വലിയ വികസന പ്രവർത്തനങ്ങളാണ് നടത്തി വരുന്നത്. കിഫ്ബിയിൽ ഉൾപ്പെടുത്തി കോന്നി മെഡിക്കൽ കോളേജിൽ 351.72 കോടി രൂപയുടെ രണ്ടാംഘട്ട വികസന പ്രവർത്തനങ്ങളാണ് നടന്നു വരുന്നത്. ടൈപ്പ് എ, സി ക്വാർട്ടേഴ്സുകൾ, ഹോസ്പിറ്റൽ ബ്ലോക്ക് 2, ഓഡിറ്റോറിയം തുടങ്ങിയവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ പുരോഗമിക്കുന്നു. നിലവിൽ നാല് ബാച്ചു കളിലായി 400 മെഡിക്കൽ വിദ്യാർത്ഥികൾ പഠനം നടത്തുന്നു. ആധുനിക നിലവാരത്തിലുള്ള ചികിത്സയും വിദ്യാഭ്യാസവും ഉറപ്പാക്കാൻ കഴിയുന്ന മികവിന്റ കേന്ദ്രമായി മാറുകയാണ് കോന്നി മെഡിക്കൽ കോളേജ്.

അത്യാഹിത വിഭാഗത്തിൽ ഓക്സിജൻ സപ്പോർട്ടോടെ 30 കിടക്കകൾ സജ്ജമാക്കി. അത്യാഹിത വിഭാഗത്തിന്റെ ഭാഗമായി മൈനർ ഓപ്പറേഷൻ തീയറ്റർ സംവിധാനം ഒരുക്കി. കോളേജ് ബസ് അനുവദിച്ചു. 16.68 ലക്ഷം ചെലവഴിച്ച് പീഡിയാട്രിക് ഐസിയു സജ്ജമാക്കി. ലക്ഷ്യ പദ്ധതി പ്രകാരം 3.5 കോടിയുടെ ലേബർ റൂം സജ്ജമാക്കി. പത്തനംതിട്ടയിൽ 60 സീറ്റോട് കൂടി നഴ്സിംഗ് കോളേജ് ആരംഭിച്ചു. 2.74 കോടി ചെലവഴിച്ച് ബ്ലഡ് ബാങ്ക് യാഥാർത്ഥ്യമാക്കി. 5 കോടി മുതൽ മുടക്കി ജില്ലയിലെ ആദ്യത്തെ അത്യാധുനിക 128 സ്ലൈസ് സി.ടി സ്കാൻ സജ്ജമാക്കി. ശബരിമല മകരവിളക്ക് ഉത്സവത്തോടനുബന്ധിച്ച് ബേസ് ആശുപത്രിയായി പ്രവർത്തിച്ചു.

# ക്ഷാമബത്തയും ആനുകൂല്യങ്ങളും നൽകാൻ സർക്കാർ പ്രതിജ്ഞാബദ്ധം : ധനമന്ത്രി

സംസ്ഥാന സർക്കാർ ജീവനക്കാരുടെയും പെൻഷൻകാരുടെയും ക്ഷാമബത്തയും ആനുകൂല്യങ്ങളും നൽകുന്നതിൽ സർക്കാർ പൂർണമായും പ്രതിജ്ഞാബദ്ധമാണെന്ന് ധനമന്ത്രി കെ.എൻ. ബാലഗോപാൽ വാർത്താ സമ്മേളനത്തിൽ പറഞ്ഞു. ക്ഷാമബത്ത നൽകുന്നതിൽ സർക്കാർ നിഷേധാത്മകമായ നിലപാട് സ്വീകരിക്കുന്നു എന്ന വാർത്തകൾ തെറ്റിദ്ധാരണയുണ്ടാക്കുന്നതാണ്. സാമ്പത്തികമായ കടുത്ത പ്രതിസന്ധികൾക്കിടയിലും ജീവനക്കാരുടെ ആനുകൂല്യങ്ങൾ ഉറപ്പാക്കാനാണ് സർക്കാർ ശ്രമിക്കുന്നത്. ജീവനക്കാർക്ക് ക്ഷാമബത്ത കുടിശിക ഉൾപ്പെടെയുള്ള തുക നൽകുന്ന കാര്യത്തിൽ ആർക്കും സംശയം വേണ്ടെന്നും ഇതിൽ സർക്കാരിന് മറ്റ് സമീപനമില്ലെന്നും മന്ത്രി വ്യക്തമാക്കി. ജീവനക്കാരും പെൻഷൻകാരും ഇക്കാര്യത്തിൽ ആശങ്കപ്പെടേണ്ടതില്ലെന്നും ജീവനക്കാരുടെ അവകാശങ്ങൾ സർക്കാർ സംരക്ഷിക്കുമെന്നും ധനമന്ത്രി കൂട്ടിച്ചേർത്തു.

ക്ഷാമബത്ത നൽകുന്നത് സർക്കാരിന്റെ അഡ്മിനിസ്ട്രേറ്റീവ് തീരുമാനത്തിന്റെ ഭാഗമാണ്. ശമ്പള പരിഷ്കരണം നടപ്പിലാക്കിയതിന്റെ കുടിശിക സർക്കാർ ഘട്ടങ്ങളായി നൽകി വരുന്നുണ്ട്. കോവിഡ് കാലത്ത് കേന്ദ്ര സർക്കാർ പോലും ഡിഎ നൽകാതിരുന്നപ്പോൾ കേരളം ശമ്പളം കൃത്യമായി നൽകിയിരുന്നു. മറ്റു സംസ്ഥാനങ്ങളിൽ നിന്ന് വ്യത്യസ്തമായി സിവിൽ സർവീസിനെ ശക്തിപ്പെടുത്തുന്ന നിലപാടാണ് കേരളം സ്വീകരിക്കുന്നത്. കഴിഞ്ഞ 10 വർഷത്തിനിടെ നാല് ലക്ഷത്തോളം പേർക്ക് നിയമനം നൽകിയിട്ടുണ്ട്. അഷ്വേർഡ് പെൻഷൻ പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങളും നടന്നു വരികയാണ്. സാമ്പത്തിക ഞെരുക്കത്തിനിടയിലും ക്ഷേമ പെൻഷനുകൾ വർദ്ധിപ്പിക്കാനും സ്ത്രീ സുരക്ഷാ പദ്ധതി, യുവാക്കൾക്കുള്ള കണക്ട് ടു വർക്ക് തുടങ്ങിയ പുതിയ പദ്ധതികൾ ആരംഭിക്കാനും സർക്കാരിന് കഴിഞ്ഞിട്ടുണ്ടെന്ന് മന്ത്രി പറഞ്ഞു.

കഴിഞ്ഞ അഞ്ച് വർഷത്തിനിടയിൽ ഏകദേശം രണ്ട് ലക്ഷം കോടി രൂപയുടെ വരുമാന സ്രോതസ്സുകൾ കേരളത്തിന് നഷ്ടമായി. കേന്ദ്ര സർക്കാരിൽ നിന്ന് ലഭിക്കേണ്ട ഗ്രാന്റുകളിലും വായ്പാ പരിധിയിലും വലിയ വെട്ടിക്കുറവുകൾ ഉണ്ടായിട്ടുണ്ട്. കേരളത്തിന്റെ റവന്യൂ വരുമാനത്തിന്റെ 25 ശതമാനത്തിൽ താഴെ മാത്രമാണ് കേന്ദ്ര വിഹിതമായി ലഭിക്കുന്നത്. എന്നാൽ മറ്റ് പല സംസ്ഥാനങ്ങൾക്കും ഇത് 50 മുതൽ 72 ശതമാനം വരെയാണ്. സംസ്ഥാനത്തിന്റെ ഭരണഘടനാപരമായ അവകാശങ്ങൾക്കായി സുപ്രീം കോടതിയെ സമീപിച്ചിട്ടുണ്ടെന്നും കേസിൽ അനുകൂലമായ തീരുമാനമുണ്ടായാൽ സാമ്പത്തിക പ്രതിസന്ധിക്ക് വലിയ പരിഹാരമാകുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും മന്ത്രി പറഞ്ഞു.

# സർക്കാർ അംഗീകൃത തൊഴിലധിഷ്ഠിത കോഴ്സുകളിൽ സീറ്റൊഴിവ്

കേരള സ്റ്റേറ്റ് സെന്റർ ഫോർ അഡ്വാൻസ്ഡ് പ്രിന്റിംഗ് & ട്രെയിനിംഗിന്റെ ആഭിമുഖ്യത്തിൽ തിരുവനന്തപുരത്തുള്ള ട്രെയിനിംഗ് ഡിവിഷനിൽ ആരംഭിക്കുന്ന ഡിപ്ലോമ ഇൻ മൾട്ടിമീഡിയ, ഡിപ്ലോമ ഇൻ പാക്കേജിംഗ് ടെക്നോളജി, ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ്, ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ഹാർഡ്വെയർ ആന്റ് നെറ്റ് വർക്കിംഗ് എന്നീ സർക്കാർ അംഗീകൃത തൊഴിലധിഷ്ഠിത കോഴ്സുകളിലെ ഒഴിവുള്ള സീറ്റുകളിലേക്ക് അപേക്ഷിക്കാം. പട്ടികജാതി/പട്ടികവർഗ്ഗ/മറ്റർഹ വിദ്യാർത്ഥികൾക്ക് നിയമാനുസൃത ഫീസ് സൗജന്യം. പ്രസ്തുത കാലയളവിൽ സ്റ്റൈപ്പന്റും ലഭിക്കുന്നതാണ്. ഒ.ബി.സി/ എസ്.ഇ.ബി.സി/മുന്നാക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് വരുമാന പരിധിയ്ക്ക് വിധേയമായി ഫീസ് സൗജന്യമായിരിക്കും.അപേക്ഷകർ വിദ്യാഭ്യാസ യോഗ്യത, ജാതി, വരുമാനം എന്നിവ തെളിയിക്കുന്ന അസ്സൽ സർട്ടിഫിക്കറ്റുകളും സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും പാസ്പോർട്ട് സൈസ് ഫോട്ടോ സഹിതം കേരള സ്റ്റേറ്റ് സെന്റർ ഫോർ അഡ്വാൻസ്ഡ് പ്രിന്റിംഗ് ആന്റ് ട്രെയിനിംഗ് ഡിവിഷൻ, സിറ്റി സെന്റർ, പുന്നപുരം, പടിഞ്ഞാറേകോട്ട, തിരുവനന്തപുരം-695024 എന്ന വിലാസത്തിൽ നേരിട്ട് ഹാജരാകണം. ഫോൺ: 0471-2474720,

# സ്റ്റാർട്ടപ്പുകൾക്കായി ഡിജിറ്റൽ ഹബ് ആരംഭിച്ച് കേരള സ്റ്റാർട്ടപ്പ് മിഷൻ

കേരള സ്റ്റാർട്ടപ്പ് മിഷൻ (ഗടഡങ) ക്ലോസ്ഡ് ഓഫീസ് സ്പേസുകൾ ആവശ്യമായ സ്റ്റാർട്ടപ്പുകൾക്കായി ഡിജിറ്റൽ ഹബ് സൗകര്യം ആരംഭിച്ചു. നൂതന സാങ്കേതിക ഉൽപ്പന്നങ്ങളുടെ വികസനവും നിർമ്മാണവും ലക്ഷ്യമിട്ട് പ്രവർത്തിക്കുന്ന സ്റ്റാർട്ടപ്പുകളുടെ ആവശ്യങ്ങൾ മുൻനിർത്തിയാണ് ഡിജിറ്റൽ ഹബ് - ആധുനിക ഇൻകുബേഷൻ കേന്ദ്രം രൂപകൽപ്പന ചെയ്തിരിക്കുന്നത്. എല്ലാ അടിസ്ഥാന സൗകര്യങ്ങളോടും കൂടി വിവിധ തരത്തിലുള്ള സ്റ്റാർട്ടപ്പ് പ്രവർത്തനങ്ങൾക്ക് അനുയോജ്യമായ രീതിയിൽ കൊച്ചി കളമശ്ശേരിയിലെ ടെക്നോളജി ഇന്നൊവേഷൻ സോണിൽ സജ്ജീകരിച്ചിട്ടുള്ള ഡിജിറ്റൽ ഹബ്ബിൽ 1,200-ലധികം പേർക്കുള്ള ഇരിപ്പിട സൗകര്യവുമുണ്ട്.

ഡിജിറ്റൽ ഹബ്ബിൽ പ്രവർത്തിക്കുന്ന സ്റ്റാർട്ടപ്പുകൾക്ക് ഇന്റർനെറ്റ് സൗകര്യം, ക്ലൗഡ് ക്രെഡിറ്റുകൾ, മെന്റർഷിപ്പ് പരിപാടികൾ, സ്റ്റാർട്ടപ്പ് സ്ഥാപകരുമായുള്ള നെറ്റ്വർക്കിംഗ് അവസരങ്ങൾ, കൂടാതെ പ്രമുഖ ദേശീയ-അന്താരാഷ്ട്ര പരിപാടികളിലേക്കുള്ള പ്രവേശനം എന്നിവ ലഭ്യമാകും.

സെൻസർ സാങ്കേതികവിദ്യയിൽ കേരളത്തിന് പുതിയ മുന്നേറ്റം ഒരുക്കുന്നതിനുള്ള സെന്റർ ഓഫ് ഐ ഒ ടി സെൻസർ ഇന്നൊവേഷനും ഡിജിറ്റൽ ഹബ്ബിൽ പ്രവർത്തിക്കുന്നുണ്ട്. തിരുവനന്തപുരം ഡിജിറ്റൽ യൂണിവേഴ്സിറ്റി കേരള, തൃശ്ശൂരിലെ സെന്റർ ഫോർ മെറ്റീരിയൽസ് ഫോർ ഇലക്ട്രോണിക്സ് ടെക്നോളജി (ഇ ങ്ങഋ), എന്നിവിടങ്ങളിലെ സെൻസർ ഗവേഷണം, വികസനം, ആപ്ലിക്കേഷൻ തലത്തിലുള്ള പരിശീലനം എന്നിവയ്ക്കുള്ള സൗകര്യവും സെൻസർ ഇന്നൊവേഷൻ സെന്ററിലുണ്ട്.

ഡിജിറ്റൽ ഹബ്ബിൽ ഓഫീസ് സൗകര്യം തേടുന്ന സ്റ്റാർട്ടപ്പുകൾക്ക് കൂടുതൽ വിവരങ്ങൾക്കും അപേക്ഷ നൽകുന്നതിനുമായി startups.startupmission.in/application/incubation സന്ദർശിക്കുക.

# മലപ്പുറത്ത് കാണാതായ 14 വയസുകാരി മരിച്ച നിലയിൽ; പ്രായപൂർത്തിയാകാത്ത ആൺസുഹൃത്ത് പിടിയിൽ

മലപ്പുറം: കരുവാരക്കുണ്ട് തൊടിയപ്പുലത്ത് കാണാതായ 14 വയസുകാരിയെ കൊല്ലപ്പെട്ട നിലയിൽ കണ്ടെത്തി. വാണിയമ്പലത്തിനും തൊടിയപുലത്തിനും ഇടയിൽ റെയിൽവേ ട്രാക്കിനോട് ചേർന്നുള്ള കുറ്റിക്കാട്ടിലാണ് കുട്ടി ഒമ്പതാം ക്ലാസ് വിദ്യാർഥിനിയുടെ മൃതദേഹം കണ്ടെത്തിയത്.വ്യാഴാഴ്ച സ്കൂളിലേക്ക് പോയ പെൺകുട്ടി വീട്ടിൽ തിരിച്ചെത്തിയിരുന്നില്ല.

സംഭവത്തിൽ പ്ലസ് വൺ വിദ്യാർഥിയായ 16 വയസുകാരനെ പോലീസ് കസ്റ്റഡിയിലെടുത്തു.കുട്ടിയെ കാണാനില്ലെന്ന് കുടുംബം പരാതി നൽകിയിരുന്നു. ഇതിൽ അന്വേഷണം നടക്കുന്നതിനിടെയാണ് മൃതദേഹം കണ്ടെത്തിയത്. കൈകൾ കൂട്ടിക്കെട്ടിയ നിലയിലാണ്.കുട്ടിയുടെ ശരീരത്തിൽ മുറിവേറ്റ പാടുകളുണ്ടെന്നാണ് പ്രാഥമിക വിവരം. കഴുത്ത് ഞെരിച്ചായിരുന്നു കൊലപാതകം. ബലാത്സംഗം നടന്നതായി പ്രതി പോലീസിനോട് പറഞ്ഞു.

# ബ്രിഹൺമുംബൈ കോർപറേഷൻ തെരഞ്ഞെടുപ്പ്: മഹായുതിക്ക് ഗംഭീര വിജയം

മുംബൈ: മഹാരാഷ്ട്ര തദ്ദേശ തെരഞ്ഞെടുപ്പിൽ ബ്രിഹൺമുംബൈ കോർപറേഷൻ പിടിച്ചെടുത്ത് മഹായുതി സഖ്യം. നിലവിൽ ആകെയുള്ള 227 ഡിവിഷനുകളിൽ 118 എണ്ണത്തിലും മഹായുതി സഖ്യമാണ് മുന്നേറുന്നത്. 28 കൊല്ലം ഉദ്ദവ് താക്കറെയുടെ നേതൃത്വത്തിലുള്ള ശിവസേന ഭരിച്ച കൊർപറേഷനാണ് ബിജെപി-ശിവസേന (ഷിൻഡെ) സഖ്യം പിടിച്ചെടുത്തത്.

83 ഡിവിഷനുകളിൽ മാത്രമാണ് ശിവസേന-യുബിടി എംഎൻഎസ്-എൻസിപി എസ്പി സഖ്യം ലീഡ് ചെയ്യുന്നത്. അതേസമയം, ഒറ്റക്ക് മത്സരിച്ച കോൺഗ്രസ് ഒറ്റയക്കത്തിലൊതുങ്ങി. വെറും എട്ട് വാർഡുകളിൽ മാത്രമാണ് കോൺഗ്രസ് വിജയിച്ചത്.

2017 ലാണ് ഒടുവിൽ ബിഎംസി തെരഞ്ഞെടുപ്പ് നടന്നത്. ഷെഡ്യൂൾ അനുസരിച്ച്, തെരഞ്ഞെടുപ്പ് 2022ൽ നടക്കേണ്ടതായിരുന്നു. എന്നാൽ കൊവിഡ് അടക്കമുള്ള കാരണങ്ങളാൽ തെരഞ്ഞെടുപ്പ് വൈകി.

രാജ് താക്കറെയുടെ മഹാരാഷ്ട്ര നവനിർമാൺ സേന അഞ്ച് സീറ്റിലൊതുങ്ങി. ഇരു എൻസിപി പാർട്ടികൾക്കും ഒറ്റ സീറ്റിൽ പോലും വിജയിക്കാനായില്ല. മുംബൈയിൽ മാത്രമല്ല മഹാരാഷ്ട്രയിലെ മറ്റ് കോർപറേഷനുകളിലും മഹായുതി വൻ മുന്നേറ്റമാണ് നടത്തിയത്.

29 മുൻസിപ്പൽ കോർപറേഷനുകളിൽ 14 ഇടത്താണ് ബിജെപി സഖ്യം മുന്നേറുന്നത്. 13 ഇടങ്ങളിൽ ഇന്ത്യ മുന്നണിയാണ് ലീഡ് ചെയ്യുന്നത്.

# സവിശേഷ കാർണിവൽ മാധ്യമ അവാർഡിന് അപേക്ഷ ക്ഷണിച്ചു

കേരള സർക്കാർ സാമൂഹ്യനീതി വകുപ്പിന്റെ ആഭിമുഖ്യത്തിൽ സംസ്ഥാനത്തെ ഭിന്നശേഷി സമൂഹത്തിന്റെ ശാക്തീകരണവും സാമൂഹിക ഉൾച്ചേർക്കലും മുഖ്യലക്ഷ്യമായി തിരുവനന്തപുരത്ത് നടക്കുന്ന 'സവിശേഷ ഇമൃിശ്മഹ ീള വേല ഉശളളലൃലിഹ്മേ ഭിന്നശേഷി സർഗ്ഗോത്സവത്തിൽ മാധ്യമ അവാർഡുകൾക്ക് അപേക്ഷ ക്ഷണിച്ചു. കേരളത്തിലെ ഭിന്നശേഷി മേഖലയിലെ സമഗ്രമായ പ്രവർത്തനങ്ങൾ, രാജ്യത്തിനു തന്നെ മാതൃകയാക്കാവുന്ന പദ്ധതികൾ, ഈ മേഖലയിലെ ദേശീയ-അന്തർ ദേശീയ വീക്ഷണങ്ങൾ, അസിസ്റ്റീവ് ടെക്നോളജി ഡെമോൺസ്ട്രേഷൻ, കലാ-കായിക പരിപാടികൾ, തൊഴിൽമേള, നൈപുണ്യ വികസനശില്പശാല, ഇൻക്ലൂസീവ് ചലച്ചിത്രോത്സവം തുടങ്ങിയവ ഉൾപ്പെട്ട സമഗ്ര ഭിന്നശേഷിക്ഷേമ ഇടപെടലായാണ് 2026 ജനുവരി 19 മുതൽ 21 വരെ സർഗ്ഗോത്സവം നടക്കുന്നത്.ടാഗോർ ടീയേറ്ററാണ് മുഖ്യവേദി. പരിപാടിയുടെ ഭാഗമായി മാധ്യമ അവാർഡ് നൽകും. മികച്ച ദൃശ്യമാധ്യമ റിപ്പോർട്ടിങ്, മികച്ച ദൃശ്യമാധ്യമ ക്യാമറാമാൻ, മികച്ച പ്രിന്റ് മീഡിയ റിപ്പോർട്ടിങ്, മികച്ച ഫ് എം സ്റ്റോറി എന്നിവയ്ക്കാണ് അവാർഡ്. 'സവിശേഷ ഇമൃിശ്മഹ ീള വേല ഡിഫറെന്റുമായി ബന്ധപ്പെട്ടു പ്രസിദ്ധീകരിക്കുകയോ സംപ്രേഷണം ചെയ്യുകയോ ചെയ്ത സൃഷ്ടികളാണ് പരിഗണിക്കുന്നത്. ക്യാഷ് പ്രൈസും പ്രശസ്തിപത്രവും ശില്പവും അടങ്ങുന്നതാണ് അവാർഡ്. റിപ്പോർട്ടുകൾ/ഉള്ളടക്കം savisheshacarnival@gmail.com ഇമെയിലേക്ക് ജനുവരി 21 നു വൈകീട്ട് 3 മണിക്ക് മുൻപായി സമർപ്പിക്കണം. കൂടുതൽ വിവരങ്ങൾക്ക് 9961229701 നമ്പറിൽ ബന്ധപ്പെടുക.

# സംസ്ഥാന പെൻഷൻകാർക്ക് ആദായനികുതി സ്റ്റേറ്റ്മെന്റും മസ്റ്ററിംഗും പൂർത്തിയാക്കണം

ട്രഷറിയിൽ നിന്ന് നേരിട്ടും ബാങ്ക് മുഖേനയും പെൻഷൻ കൈപ്പറ്റുന്ന സംസ്ഥാന പെൻഷൻകാർ 2025-26 സാമ്പത്തിക വർഷത്തെ പെൻഷനിൽ നിന്ന് നിയമപ്രകാരം കുറവ് വരുത്തേണ്ടതായ ആദായനികുതി സംബന്ധിച്ച ആന്റിസിപ്പേറ്ററി സ്റ്റേറ്റ്മെന്റ് ഇതുവരെ സമർപ്പിക്കാത്തവരും റിവൈസ്ഡ് ആന്റിസിപ്പേറ്ററി സ്റ്റേറ്റ്മെന്റ് സമർപ്പിക്കേണ്ടവരും 2026 ജനുവരി 25-ന് മുൻപായി ബന്ധപ്പെട്ട ട്രഷറിയിൽ സമർപ്പിക്കണം.

സ്റ്റേറ്റ്മെന്റ് pension.treasury@kerala.gov.in എന്ന ഇമെയിൽ ഐഡിയിൽ സ്കാൻ ചെയ്ത് അയയ്ക്കുകയോ https://pension.treasury.kerala.gov.in എന്ന ട്രഷറി 2026 പോർട്ടലിൽ അപ്ലോഡ് ചെയ്യുകയോ വേണം.

നിർദേശിച്ച തീയതിക്കകം സ്റ്റേറ്റ്മെന്റ് സമർപ്പിക്കാത്ത പക്ഷം, 2025-26 സാമ്പത്തിക വർഷത്തെ ആദായനികുതി (New Regime പ്രകാരം) ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ തുല്യ ഗഡുക്കളായി ഈടാക്കുന്നതായിരിക്കും.ഇതോടൊപ്പം, ഇതുവരെ പെൻഷനേഴ്സ് ഡാറ്റാ ഷീറ്റ് ട്രഷറികളിൽ സമർപ്പിക്കാത്ത പെൻഷൻകാർ എത്രയും വേഗം സമർപ്പിക്കണമെന്നും അറിയിച്ചു.

വാർഷിക മസ്റ്ററിങ് ഇതുവരെ നടത്താത്ത പെൻഷൻകാർക്കും കുടുംബപെൻഷൻകാർക്കും തുടർ പെൻഷൻ ലഭിക്കുന്നതിനായി സമീപ ട്രഷറികളിൽ നേരിട്ട് ഹാജരായോ Life Jeevan Pramaan ആപ്പ്/ പോർട്ടൽ വഴി സർട്ടിഫിക്കറ്റ് സമർപ്പിച്ചോ മസ്റ്ററിങ് പൂർത്തിയാക്കണം. നിർദേശങ്ങൾ പാലിക്കാത്ത പക്ഷം പെൻഷൻ താത്കാലികമായി നിർത്തിവെക്കുന്നതായിരിക്കും എന്നും ട്രഷറി വകുപ്പ് അറിയിച്ചു.

# രാഹുലിൻെറ ജാമ്യാപേക്ഷയിൽ വാദം പൂർത്തിയായി; വിധി ശനിയാഴ്ച

പത്തനംതിട്ട: ബലാത്സംഗ കേസിൽ റിമാൻഡിലുള്ള രാഹുൽ മാങ്കൂട്ടത്തിൽ എംഎൽഎയുടെ ജാമ്യാപേക്ഷയിൽ കോടതിയിൽ വാദം പൂർത്തിയായി. അടച്ചിട്ട കോടതി മുറിയിലായിരുന്നു വാദം. പ്രോസിക്യൂഷനാണ് അടച്ചിട്ട കോടതി മുറിയിൽ വാദം കേൾക്കണം എന്ന ആവശ്യം തിരുവല്ല മജിസ്ട്രേറ്റ് കോടതിയെ ധരിപ്പിച്ചത്.

ജാമ്യാപേക്ഷയിൽ കോടതി ശനിയാഴ്ച വിധി പറയും. രാഹുൽ മാങ്കൂട്ടത്തിലിന് വേണ്ടി അഡ്വ. ശാസ്തമംഗലം അജിത്താണ് ഹാജരായത്. കേസ് അന്വേഷിക്കുന്ന എസ്ഐടിയുടെ റിപ്പോർട്ട് കൂടി പരിഗണിച്ചായിരിക്കും ജാമ്യാപേക്ഷയിൽ കോടതി തീരുമാനം പറയുക.

കഴിഞ്ഞ ദിവസം കസ്റ്റഡിയിൽ വാങ്ങിയ രാഹുലിനെ പീഡനം നടന്നതായി പറയപ്പെടുന്ന തിരുവല്ലയിലെ ഹോട്ടലിൽ എത്തിച്ച് തെളിവെടുത്തിരുന്നു. ചോദ്യം ചെയ്യൽ അടക്കം രാഹുൽ സഹകരിക്കുന്നില്ലെന്ന കാര്യം സ്റ്റേറ്റ് ക്രൈംബ്രാഞ്ച്, കോടതിയെ ബോധ്യപ്പെടുത്തും.

ഇതിനിടെ, പരാതിക്കാരിയുമായുള്ള വാട്സ്ആപ്പ് ചാറ്റുകൾ എന്ന് ആവകാശപ്പെട്ട്, രാഹുലിൻറെ സുഹൃത്ത് ഫെന്നി നൈനാൻ ചില സ്ക്രീൻ ഷോട്ടുകൾ പുറത്തുവിട്ടു. 2024 ൽ ബലാത്സംഗം ചെയ്യപ്പെട്ടതായി ആരോപിക്കുന്ന യുവതി, മൂന്ന് മാസം മുമ്പ് എംഎൽഎയെ സ്വകാര്യമായി കാണണമെന്ന് ആവശ്യപ്പെട്ടു എന്നാണ് ഫെനി പറയുന്നത്.യുവതിക്കെതിരായ സൈബർ അധിക്ഷേപം നടത്തിയതിന് ഫെനിക്കെതിരെ പോലീസ് കേസെടുത്തിട്ടുണ്ട്. യുവതി നൽകിയ പരാതിയിലാണ് പത്തനംതിട്ട സൈബർ പോലീസിൻറെ നടപടി. യുവതിയുടെ ചാറ്റുകൾ ഉൾപ്പെടെ വെളിപ്പെടുത്തിയാണ് ഫെനി നൈനാൽ അധിക്ഷേപ പോസ്റ്റിട്ടത്.

# ഡബ്ല്യുഇഎഫ് ദാവോസിലേക്ക് കേരളം ഉന്നതതല സംഘത്തെ അയക്കും

തിരുവനന്തപുരം: വ്യവസായ സംരംഭങ്ങളിലെ ആഗോള നിക്ഷേപങ്ങളും സഹകരണങ്ങളും തേടുന്നതിനും സംസ്ഥാനത്തിൻറെ നിക്ഷേപ സൗഹൃദ അന്തരീക്ഷം ആഗോള തലത്തിൽ പരിചയപ്പെടുത്തുന്നതിനുമായി ജനുവരി 19 മുതൽ 23 വരെ സ്വിറ്റ്സർലൻഡിലെ ദാവോസിൽ നടക്കുന്ന ലോക സാമ്പത്തിക ഫോറത്തിലേക്ക് (ഡബ്ല്യുഇഎഫ്) വ്യവസായ മന്ത്രി പി രാജീവിൻറെ നേതൃത്വത്തിൽ ഔദ്യോഗിക ഉന്നതതല സംഘത്തെ കേരളം അയക്കും.

മന്ത്രിയെ കൂടാതെ സംസ്ഥാന ചീഫ് സെക്രട്ടറി ഡോ. എ. ജയതിലക്, വ്യവസായ വാണിജ്യ അഡീഷണൽ ചീഫ് സെക്രട്ടറി എ.പി.എം മുഹമ്മദ് ഹനീഷ്, സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ (കെഎസ്ഐഡിസി) മാനേജിംഗ് ഡയറക്ടർ പി. വിഷ്ണുരാജ് എന്നിവരും അഞ്ചംഗ സംഘത്തിൽ ഉൾപ്പെടുന്നു.

കേരളത്തിൻറെ വ്യാവസായിക രംഗത്ത് സംസ്ഥാന സർക്കാർ കൊണ്ടുവന്ന പരിവർത്തനാത്മക മാറ്റങ്ങൾ ദാവോസിൽ പ്രദർശിപ്പിക്കുകയും 'ഉത്തരവാദിത്തമുള്ള നിക്ഷേപം, ഉത്തരവാദിത്തമുള്ള വ്യവസായം' എന്ന ബ്രാൻഡ് ഇമേജ് ശക്തിപ്പെടുത്തുന്നതിന് ശ്രദ്ധ കേന്ദ്രീകരിക്കുകയും ചെയ്യുമെന്ന് മന്ത്രി പറഞ്ഞു. ഇത് ഡബ്ല്യുഇഎഫ് 2026 ലെ 'എ സ്പിരിറ്റ് ഓഫ് ഡയലോഗ്' എന്ന പ്രമേയവുമായി പൊരുത്തപ്പെടുന്നതായിരിക്കും. ഹൈടെക്, വിജ്ഞാനാധിഷ്ഠിത വ്യവസായങ്ങളിലേക്ക് സംസ്ഥാനം മാറുന്നതിനെക്കുറിച്ചും ഇൻഡസ്ട്രി 4.0 അനുസൃതമായ ആവാസവ്യവസ്ഥ കെട്ടിപ്പടുക്കുന്നതിനെക്കുറിച്ചും കേരള പ്രതിനിധി സംഘം ഉച്ചകോടിയിൽ പരാമർശിക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ഡബ്ല്യുഇഎഫിലെ പങ്കാളിത്തം കേരളത്തിലെ വ്യവസായ, നിക്ഷേപ അന്തരീക്ഷത്തിൽ നിർണായക സ്വാധീനം ചെലുത്തിയിട്ടുണ്ട്. കഴിഞ്ഞ വർഷത്തെ ഡബ്ല്യുഇഎഫിലെ പങ്കാളിത്തത്തെ തുടർന്നാണ് ഭാരത് ബയോടെക്കിൻറെ നിക്ഷേപം കേരളത്തിലേക്ക് വന്നത്. ഐകെജിഎസ് വഴി സംസ്ഥാനത്തേക്ക് വലിയ തോതിൽ നിക്ഷേപം ആകർഷിക്കാനായതിലും ഡബ്ല്യുഇഎഫിലെ പങ്കാളിത്തം നിർണായകമായി.

'നാഷണൽ ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് 2024' ൽ മികച്ച നേട്ടം കൈവരിച്ച കേരളത്തിന് ദാവോസിലെ ഇന്ത്യ പവലിയനിൽ പ്രത്യേക ഇടം നൽകിയിട്ടുണ്ട്. ആഗോള പങ്കാളികൾക്ക് സംസ്ഥാനത്തിൻറെ വ്യാവസായിക നയ പരിഷ്കാരങ്ങളെക്കുറിച്ച് മനസ്സിലാക്കുവാനുള്ള കേന്ദ്രമായി ഇത് പ്രവർത്തിക്കും. വിജ്ഞാന സമ്പദ് വ്യവസ്ഥ, പരിസ്ഥിതി, ഇഎസ് ജി, ഹൈടെക്, ആധുനിക സാങ്കേതികവിദ്യാധിഷ്ഠിത വ്യവസായങ്ങൾ എന്നിവയിലായിരിക്കും കേരളം ശ്രദ്ധ കേന്ദ്രീകരിക്കുക.

സാങ്കേതികവിദ്യ, നൈപുണ്യം, പരിസ്ഥിതി അനുകൂല വ്യവസായ രീതികൾ എന്നിവ സംയോജിപ്പിച്ച് സാമ്പത്തികനേട്ടം ഉണ്ടാക്കുന്നതിനായി നിക്ഷേപിക്കുന്നത് എങ്ങനെയെന്ന് ദാവോസിൽ എടുത്തുകാണിക്കുമെന്ന് മന്ത്രി പറഞ്ഞു. സാമ്പത്തിക വികസനം പാരിസ്ഥിതിക സംവേദനക്ഷമതയുമായി സന്തുലിതമാക്കുക എന്നതാണ് കേരളം മുന്നോട്ടുവയ്ക്കുന്ന പ്രധാന ലക്ഷ്യമെന്ന് മന്ത്രി ചൂണ്ടിക്കാട്ടി.വ്യാവസായിക സൗഹൃദ അന്തരീക്ഷം, കാലാവസ്ഥാ-പരിസ്ഥിതി അനുകൂല ഘടകങ്ങൾ, അനുകൂലമായ സർക്കാർ നയങ്ങൾ, മികച്ച ഡിജിറ്റൽ സാക്ഷരതയുള്ള പ്രൊഫഷണലുകൾ, ഉയർന്ന ജീവിത നിലവാരം എന്നിവയിലൂടെ കേരളം നിക്ഷേപത്തിന് അനുയോജ്യമായ സ്ഥലമായി മാറിക്കഴിഞ്ഞു. കഴിഞ്ഞ ഫെബ്രുവരിയിൽ കൊച്ചിയിൽ നടന്ന ഇൻവെസ്റ്റ് കേരള ആഗോള ഉച്ചകോടിയിൽ 449 കമ്പനികളിൽ നിന്ന് 1.80 ലക്ഷം കോടി രൂപയുടെ താൽപ്പര്യ പത്രങ്ങൾ സംസ്ഥാനത്തിന് ലഭിച്ചു. ഡൈനിമേറ്റഡ് (ഇറ്റലി), അദാനി ലോജിസ്റ്റിക്സ് തുടങ്ങിയ ആഗോള ഭീമന്മാരുടേത് ഉൾപ്പെടെ 100-ൽ അധികം പദ്ധതികളിൽ ഇതിനകം നിർമ്മാണം ആരംഭിച്ചു.സംസ്ഥാന സർക്കാർ 22 മുൻഗണനാ മേഖലകളെ തിരിച്ചറിഞ്ഞിട്ടുണ്ട് നിക്ഷേപ അവസരങ്ങൾക്കും പ്രോത്സാഹനത്തിനുമായി വ്യവസായ നയം ലളിതമാക്കിയിട്ടുണ്ട്. എയ്റോസ്പേസ്, പ്രതിരോധം, റോബോട്ടിക്സ്, ആയുർവേദം, ഇലക്ട്രിക് വാഹനങ്ങൾ, ഗ്രഫീൻ, ഹൈടെക് കൃഷി, ലോജിസ്റ്റിക്സ് ആൻഡ് പാക്കേജിംഗ്, നാനോ ടെക്നോളജി, ഫാർമസ്യൂട്ടിക്കൽസ്; പുനരുപയോഗ ഊർജ്ജം, റീട്ടെയിൽ മേഖല, ടൂറിസം ആൻഡ് ഹോസ്പിറ്റാലിറ്റി, ത്രിഡി പ്രിൻറിംഗ് എന്നിവ ഇതിൽ ഉൾപ്പെടുന്നു.

സുസ്ഥിരവും ധാർമ്മികവുമായ വ്യവസായ ഡെസ്റ്റിനേഷൻ എന്ന തലത്തിലേക്ക് കേരളത്തിൻറെ വ്യാവസായിക ആവാസവ്യവസ്ഥയെ വ്യവസായ വകുപ്പ് വിജയകരമായി പരിവർത്തനം ചെയ്തു. എല്ലാ സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളും ജില്ലാ വ്യവസായ കേന്ദ്രങ്ങളും ഏകീകൃത ഇഎസ് ജികേന്ദ്രീകൃത ഐഡൻറിറ്റി സ്വീകരിച്ച് പുനർനാമകരണം ചെയ്തിട്ടുണ്ട്. 1000 എംഎസ്എംഇകളെ 100 കോടി രൂപയുടെ വിറ്റുവരവുള്ള സംരംഭങ്ങളാക്കി മാറ്റാൻ ലക്ഷ്യമിട്ടുള്ള 'മിഷൻ 1000' വിജയകരമായി നടപ്പിലാക്കുന്നതും ഇതിൽ ഉൾപ്പെടുന്നു.

എഐ, സ്പേസ് ടെക്നോളജി, ലൈഫ് സയൻസസ് തുടങ്ങി ഉയർന്ന മൂല്യമുള്ളതും മലിനീകരണമില്ലാത്തതുമായ വ്യവസായങ്ങളെ ആകർഷിക്കുന്നതിനായി അത്തരം ബ്രാൻഡിംഗ് പ്രദർശിപ്പിക്കാൻ ഡബ്ല്യുഇഎഫ് 2026 ലെ പ്രതിനിധി സംഘം പദ്ധതിയിടുന്നുണ്ട്.കമ്പനികൾ ഇഎസ് ജി പാലിക്കുന്നതിനായി ആഗോളതലത്തിൽ വലിയ സമ്മർദ്ദം നേരിടുന്നുണ്ടെന്ന് പി.രാജീവ് പറഞ്ഞു. കേരളത്തിൽ പ്രവർത്തിക്കുന്നതിലൂടെ നിക്ഷേപകർക്ക് അന്താരാഷ്ട്ര സുസ്ഥിരതാ മാനദണ്ഡങ്ങൾ പാലിക്കാനും ട്രാൻസ്പരൻറ് ഫീഡ്ബാക്ക്-ലിങ്ക്ഡ് റെഗുലേറ്ററി സിസ്റ്റത്തിൽ (ബിആർഎപി 2024) നിന്ന് പ്രയോജനം നേടാനും ഉൽപ്പന്നങ്ങൾക്ക് 'ഗ്രീൻ പ്രീമിയം' നേടാനുമാകുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ടെക്നോപാർക്ക്, ഇൻഫോപാർക്ക്, സൈബർ പാർക്ക് തുടങ്ങിയ ഐടി പാർക്കുകളെ പ്രയോജനപ്പെടുത്തി കേരളം ഇന്ത്യയിലെ ഗ്ലോബൽ കേപ്പബിലിറ്റി സെൻററുകളുടെ (ജിസിസി) പ്രധാന കേന്ദ്രമായി വളർന്നുവരുന്നു. ഇൻഫോപാർക്ക് ഫേസ്-3 ലെ രാജ്യത്തെ ആദ്യത്തെ എഐ ടൗൺഷിപ്പ്, ആഗോള സ്ഥാപനങ്ങളെ ആകർഷിക്കുന്നതിനായി വരാനിരിക്കുന്ന ജിസിസി നയം എന്നിവയുൾപ്പെടെയുള്ള പ്രധാന വികസനങ്ങളിലൂടെയുമാണ്. കൊച്ചി, തിരുവനന്തപുരം തുടങ്ങിയ നഗരങ്ങളെ നവീകരണത്തിനും നിക്ഷേപത്തിനുമുള്ള പ്രധാന ലക്ഷ്യസ്ഥാനങ്ങളായി സ്ഥാപിച്ചിട്ടുണ്ട്.കേരളത്തിൻറെ സവിശേഷമായ ഭൂമിശാസ്ത്രം ലോജിസ്റ്റിക്സിനും വികേന്ദ്രീകൃത വ്യാവസായിക വളർച്ചയ്ക്കും സഹായിക്കുന്നതാണ് എന്നതാണ് മറ്റൊരു അനുകൂല ഘടകം. 100% ഡിജിറ്റൽ സാക്ഷരതയും കെ-ഫോൺ ഹൈസ്പീഡ് ഇൻറർനെറ്റും ഉൾപ്പെടെ ലോകോത്തര അടിസ്ഥാന സൗകര്യങ്ങൾ സംസ്ഥാനത്തിൻറെ എല്ലാ കോണുകളിലും ലഭ്യമാണെന്നത് കേരളത്തെ ഒറ്റ വികസിത നഗരമാക്കി മാറ്റുന്നു.

അടുത്തിടെ സമർപ്പിച്ച കേരള അർബൻ പോളിസി കമ്മീഷൻ (കെയുപിസി) റിപ്പോർട്ട് തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലെ 'നഗര കാബിനറ്റുകൾ'ക്ക് വഴിയൊരുക്കി. ഇത് കാലാവസ്ഥാ-സ്മാർട്ട് സോണിംഗും മെട്രോപൊളിറ്റൻ തലത്തിലുള്ള ഭരണവും സാധ്യമാക്കുന്നു. ഇത് സംസ്ഥാനത്തെ ഇന്ത്യയിലെ സുസ്ഥിര നഗരവൽക്കരണത്തിനുള്ള ദിശാസൂചിയാക്കി മാറ്റുന്നു.2035 ആകുമ്പോഴേക്കും കേരളത്തിലെ ജനസംഖ്യയുടെ 90 ശതമാനത്തിലധികവും നഗരവൽക്കരിക്കപ്പെട്ട ക്ലസ്റ്ററുകളിൽ താമസിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇത് നിക്ഷേപകർക്ക് ഏകീകൃത വിപണിയും പ്രൊഫഷണൽ ജീവനക്കാരെയും ഉറപ്പാക്കുന്നു. അർബൻ-ഗ്രേഡ് കണക്റ്റിവിറ്റി, വൈദ്യുതി, അതിവേഗ ഇൻറർനെറ്റ് എന്നിവയുടെ സഹായത്തോടെ നിക്ഷേപകർക്ക് നഗരപ്രാന്തങ്ങളിലോ ഗ്രാമപ്രദേശങ്ങളിലോ നിർമ്മാണ യൂണിറ്റുകൾ സ്ഥാപിക്കാൻ കഴിയും.

## അനധികൃത വാഹനപാർക്കിംഗ്; 61,86,650 രൂപ പിഴ ഈടാക്കി

റോഡ് യാത്ര സുരക്ഷിതമാക്കുന്നതിനും ഗതാഗതതടസം ലഘൂകരിക്കുന്നതിനും റോഡപകടങ്ങൾ കുറയ്ക്കുന്നതിനുമായി അനധികൃതമായി റോഡിൽ വാഹനം പാർക്ക് ചെയ്തവർക്കെതിരെ കേരള പോലീസിൻറെ ട്രാഫിക് ആൻറ് റോഡ് സേഫ്റ്റി മാനേജ്മെൻറ് വിഭാഗത്തിൻറെ നേതൃത്വത്തിൽ സംസ്ഥാന വ്യാപകമായി നടത്തിയ പരിശോധനയിൽ 23,771 വാഹനങ്ങളിൽ നിന്നായി 61,86,650 രൂപ പിഴ ഈടാക്കി. 2026 ജനുവരി ഏഴു മുതൽ 13 വരെ ഏഴ് ദിവസം നീണ്ട പരിശോധനയിലാണ് നിയമലംഘനം കണ്ടെത്തിയത്.

സംസ്ഥാന പാതകളിൽ 7,872, ദേശീയ പാതകളിൽ 6,852, മറ്റ് പാതകളിൽ 9047 എന്ന രീതിയിലാണ് നിയമലംഘനങ്ങൾ നടന്നതായി കണ്ടെത്തിയിട്ടുള്ളത്.

അപകടസാധ്യത കൂടിയ മേഖലകൾ, വാഹന സാന്ദ്രതകൂടിയ പാതകൾ, പ്രധാനപ്പെട്ട ജംഗ്ഷനുകൾ, സർവ്വീസ് റോഡുകൾ എന്നിവ കേന്ദ്രീകരിച്ചാണ് പരിശോധനകൾ നടന്നത്. സംസ്ഥാനത്തെ ഹൈവേ പട്രോളിംഗ് വിഭാഗങ്ങളോട് തുടർന്നുള്ള ദിവസങ്ങളിൽ നിരന്തര പരിശോധന നടത്തുന്നതിനും നിയമലംഘനം ആവർത്തിക്കുന്നവർക്കെതിരെ കർശന നടപടിയെടുക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്.അനധികൃത പാർക്കിംഗ് ഗതാഗതക്കുരുക്കിന് മാത്രമല്ല പലപ്പോഴും ദേശീയപാതകളിൽ നടക്കുന്ന അപകടങ്ങളിൽപ്പെടുന്നവരെ കൃത്യസമയത്ത് അടിയന്തിര ചികിത്സയ്ക്കായി ആശുപത്രിയിൽ എത്തിക്കുന്നതിനും ഭീഷണിയാകാറുണ്ട്.

ട്രാഫിക് ആൻറ് റോഡ് സേഫ്റ്റി മാനേജ്മെൻറ് ഐ.ജി എസ്.കാളിരാജ് മഹേഷ് കുമാറിൻറെ നിർദേശപ്രകാരം ട്രാഫിക് നോർത്ത് സോൺ, സൗത്ത് സോൺ എസ്.പിമാരുടെ മേൽനോട്ടത്തിൽ ജില്ലാ ട്രാഫിക് നോഡൽ ഓഫീസർമാരുമായി സഹകരിച്ചാണ് പരിശോധനകൾ നടത്തിയത്. ഇത്തരം പരിശോധനകൾ തുടർന്നും നടത്തി റോഡ് ഗതാഗതം സുരക്ഷിതമാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുമെന്നും ഐ.ജി അറിയിച്ചു.

പൊതുജനങ്ങൾ ഇത്തരം ഗതാഗത നിയമലംഘനം ശ്രദ്ധയിൽപ്പെട്ടാൽ 974700 1099 എന്ന 'ശുഭയാത്ര' വാട്ട്സ് ആപ്പ് നമ്പറിൽ ട്രാഫിക് ആൻറ് റോഡ് സേഫ്റ്റി മാനേജ്മെൻറ് വിഭാഗത്തെ അറിയിക്കാവുന്നതാണ്.

## സ്കൂളിൽ പ്യൂണിനെ മരിച്ച നിലയിൽ കണ്ടെത്തി

കണ്ണൂർ: പാനൂരിലെ പി.ആർ. മെമ്മോറിയൽ ഹയർ സെക്കൻഡറി സ്കൂളിലെ പ്യൂണിനെ തൂങ്ങിമരിച്ച നിലയിൽ കണ്ടെത്തി. ഷിബിൻ (35) ആണ് മരിച്ചത്.

സ്കൂളിലെ ലാബിലാണ് ഇയാളെ മരിച്ച നിലയിൽ കണ്ടെത്തിയത്. സാമ്പത്തിക പ്രശ്നം മൂലം ജീവനൊടുക്കുകയായിരുന്നുവെന്നാണ് സൂചന. പോലീസ് സ്ഥലത്തെത്തി മേൽനടപടികൾ സ്വീകരിച്ചു.

## സംസ്ഥാന ലോട്ടറി ക്ഷേമനിധി ബോർഡിലെ ക്രമക്കേട്; ഒരാൾ കൂടി അറസ്റ്റിൽ

തിരുവനന്തപുരം: സംസ്ഥാന ലോട്ടറി ക്ഷേമനിധി ബോർഡിലെ ക്രമക്കേടിൽ മുഖ്യപ്രതി ക്ലർക്ക് സംഗീതിൻറെ സുഹൃത്തും കോൺട്രാക്ടറുമായ അനിൽകുമാറും അറസ്റ്റിൽ. ക്ഷേമനിധി പണം വീടുവയ്ക്കാനായി കോൺട്രാക്ടർ അനിലിൻറെ അക്കൗണ്ടിലേക്ക് മാറ്റിയിരുന്നു.

തട്ടിയെടുത്ത പണം ഉപയോഗിച്ച് പ്രതി ഭൂമി വാങ്ങികൂട്ടി. പ്രതിയുടെ സ്വത്തുക്കൾ കണ്ടുകെട്ടാൻ വിജിലൻസ് നടപടി തുടങ്ങി. ലോട്ടറി ക്ഷേമനിധി ബോർഡിൽ ഏജൻറുമാരും തൊഴിലാളികളും അടച്ച അംശാദായത്തിൽ നിന്നും 14 കോടി രൂപയാണ് തട്ടിയെടുത്തത്.

സ്പെഷ്യൽ ഓഡിറ്റിലാണ് വൻ ക്രമക്കേട് പുറത്തുവന്നത്. എൽഡി ക്ലർക്കായിരുന്ന സംഗീത് ഉന്നത ഉദ്യോഗസ്ഥരുടെതടക്കം വ്യാജരേഖകൾ നൽകിയാണ് പണം തട്ടിയെടുത്തത്. ക്രമക്കേട് ശ്രദ്ധയിൽപ്പെട്ടപ്പോൾ സംഗീതിനെ നേരത്തെ സസ്പെൻഡ് ചെയ്തിരുന്നു.

ഇന്ന് കേസന്വേഷിക്കുന്ന വിജിലൻസ് സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ യൂണിറ്റ്-രണ്ടിലെ ഇൻസ്പെക്ടർ അനൂപ് ചന്ദ്രനാണ് സംഗീതിനെ അറസ്റ്റ് ചെയ്തത്.

## കാഞ്ഞങ്ങാട്ട് സ്കൂളിൽ മോഷണം; അഞ്ച് ലാപ്ടോപ്പുകളും പണവും കവർന്നു

കാസർഗോഡ്: കാഞ്ഞങ്ങാട് അതിഞ്ഞാലിൽ സ്കൂളിൽ മോഷണം. അഞ്ച് ലാപ്ടോപ്പുകളും പണവുമാണ് കവർന്നത്. സംഭവത്തിൽ ഹൊസ്ദുർഗ് പൊലീസ് അന്വേഷണം ആരംഭിച്ചു.കാഞ്ഞങ്ങാട് അതിഞ്ഞാലിലെ അജാനൂർ ഗവ. മാപ്പിള എൽ പി സ്കൂളിലാണ് മോഷണം നടന്നത്. സ്കൂൾ ഓഫീസ് മുറി, ക്ലാസ് റൂം, ഗോഡൗൺ എന്നിവ കുത്തിത്തുറന്ന നിലയിലായിരുന്നു.പൂട്ടുകൾ തകർത്താണ് മോഷ്ടാവ് അകത്ത് കയറിയത്. കുട്ടികൾ ഉപയോഗിക്കുന്ന അഞ്ച് ലാപ്ടോപ്പുകളാണ് കള്ളൻ കൊണ്ടുപോയത്. കുട്ടികളുടെ സഞ്ജയ്ക സമ്പാദ്യ പദ്ധതിയിലെ പണവും മോഷ്ടിച്ചു.രാവിലെ ജീവനക്കാരൻ തുറക്കാനെത്തിയപ്പോഴാണ് കവർച്ചാ വിവരം അറിയുന്നത്.

## കാൺപുരിൽ മതപരിവർത്തനം ആരോപിച്ച് അറസ്റ്റിലായ മലയാളി പാസ്റ്റർ റിമാൻഡിൽ

ന്യൂഡൽഹി: ഉത്തർപ്രദേശിലെ കാൺപുരിൽ മതപരിവർത്തനം ആരോപിച്ച് അറസ്റ്റിലായ മലയാളി പാസ്റ്റർ റിമാൻഡിൽ.ബജ്രംഗ്ദൾ പ്രവർത്തകരുടെ പരാതിയിലാണ് തിരുവനന്തപുരം സ്വദേശി ആൽബിനെതിരെ കേസെടുത്തത്. ആളുകളെ വീട്ടിലെത്തിച്ച് മതപരിവർത്തനം നടത്തിയെന്നാണ് ആരോപണം.

പ്രതിഷേധിച്ചവരെ പാസ്റ്റർ ആക്രമിക്കുകയും അസഭ്യം പറയുകയും ചെയ്തുവെന്നും പരാതിയിലുണ്ട്. ജാമ്യമില്ലാ വകുപ്പുകൾ പ്രകാരമാണ് കേസെടുത്തിരിക്കുന്നത്. ജനുവരി 13നാണ് പരാതിയുടെ അടിസ്ഥാനത്തിൽ ആൽബിനെ കസ്റ്റഡിയിലെടുത്തത്. നിലവിൽ കാൺപൂരിലെ ജയിലിലാണ് ആൽബിൻ.

## സെഞ്ചുറിയുമായി അൻമോൽപ്രീത്, അർധ സെഞ്ചുറിയുമായി പ്രഭ്സിമ്രാൻ; പഞ്ചാബിന് മികച്ച സ്കോർ

ബംഗളൂരു: വിജയ് ഹസാരെ ട്രോഫിയിൽ സൗരാഷ്ട്രയ്ക്കെതിരായ സെമിയിൽ പഞ്ചാബിന് മികച്ച സ്കോർ. ആദ്യം ബാറ്റ് ചെയ്ത പഞ്ചാബ് 50 ഓവറിൽ 291 റൺസിൽ ഓൾഔട്ടാവുകയായിരുന്നു.സെഞ്ചുറി നേടിയ അൻമോൽ പ്രീത് സിംഗിൻറെയും അർധ സെഞ്ചുറി നേടിയ പ്രഭ്സിമ്രാൻ സിംഗിൻറെയും മികവിലാണ് പഞ്ചാബ് മികച്ച് സ്കോർ പടുത്തുയർത്തിയത്. 100 റൺസാണ് അൻമോൽ പ്രീത് എടുത്തത്.

ഒമ്പത് ബൗണ്ടറിയും ഒരു സിക്സും അടങ്ങുന്നതായിരുന്നു അൻമോൽപ്രീതിൻറെ ഇന്നിംഗ്സ്.പ്രഭ്സിമ്രാൻ സിംഗ് 87 റൺസാണ് സ്കോർ ചെയ്തത്. ഒമ്പത് ബൗണ്ടറിയും മൂന്ന് സിക്സും പ്രഭ്സിമ്രാൻ അടിച്ചെടുത്തു. 42 റൺസ് നേടിയ രമൺദീപ് സിംഗും 33 റൺസെടുത്ത ഹർനൂർ സിംഗും തിളങ്ങി.സൗരാഷ്ട്രയ്ക്ക് വേണ്ടി ചേതൻ സക്കറിയ മൂന്ന് വിക്കറ്റെടുത്തു. ചിരാഗ് ജെനിയും അംഗുർ പൻവാറും രണ്ട് വിക്കറ്റ് വീതം വീഴ്ത്തി.

## കെഎസ് യുഎം അഗ്രി-ടെക് സ്റ്റാർട്ടപ്പിന് സ്റ്റാർട്ടപ്പ് ഇന്ത്യയുടെ ദേശീയ ബഹുമതി

### ഫ്യൂസ് ലേജ് ഇന്നൊവേഷൻസിന് ലഭിച്ചത് ആസ്പയർ അവാർഡ്

തിരുവനന്തപുരം: കേരള സ്റ്റാർട്ടപ്പ് മിഷൻറെ (കെഎസ് യുഎം) കീഴിലുള്ള അഗ്രി-ടെക് സ്റ്റാർട്ടപ്പായ ഫ്യൂസ് ലേജ് ഇന്നൊവേഷൻസിന് നാഷണൽ സ്റ്റാർട്ടപ്പ് അവാർഡ്സ് 5.0 (എൻഎസ്എ 5.0) ലെ ആസ്പയർ അവാർഡ് ലഭിച്ചു.

ദേശീയ സ്റ്റാർട്ടപ്പ് ദിനത്തോടനുബന്ധിച്ച് ന്യൂഡൽഹിയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി പങ്കെടുത്ത ചടങ്ങിൽ കേന്ദ്ര വാണിജ്യ - വ്യവസായ മന്ത്രി പിയൂഷ് ഗോയൽ പുരസ്കാരം സമ്മാനിച്ചു. ഫ്യൂസ് ലേജ് ഇന്നൊവേഷൻസ് ഡയറക്ടർ ദേവിക ചന്ദ്രശേഖരൻ, എംഡി ദേവൻ ചന്ദ്രശേഖരൻ എന്നിവർ പുരസ്കാരം ഏറ്റുവാങ്ങി. ചടങ്ങിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി സ്റ്റാർട്ടപ്പ് നേതാക്കളുമായും സംരംഭകരുമായും സംവദിച്ചു. ഇന്ത്യയിലെ ടയർ 2, ടയർ 3 നഗരങ്ങളിൽ നിന്നുള്ള നൂതന സ്റ്റാർട്ടപ്പുകളെയാണ് ആസ്പയർ അവാർഡിനായി പരിഗണിക്കുന്നത്. നൂതനവും സമൂഹത്തിന് ഗുണകരവുമായ ഉത്പന്നങ്ങളും സേവനങ്ങളും വികസിപ്പിച്ചെടുത്ത മികച്ച സ്റ്റാർട്ടപ്പുകളെ അംഗീകരിക്കുക, ഇത്തരം സ്റ്റാർട്ടപ്പുകളെ പ്രോത്സാഹിപ്പിക്കുക, സ്റ്റാർട്ടപ്പുകളുടെ പുതുമകളെയും പ്രാദേശിക വളർച്ചയിലുള്ള സംഭാവനകളെയും അംഗീകരിക്കുക, പ്രധാന മെട്രോകൾക്കപ്പുറമുള്ള സംരംഭകത്വ മനോഭാവത്തെ വളർത്തുക തുടങ്ങിയവ ഇതിലൂടെ ലക്ഷ്യമിടുന്നു. 20 വിഭാഗങ്ങളിലായാണ് എൻഎസ്എ 5.0 അവാർഡുകൾ നൽകുന്നത്.

കേരളത്തിൻറെ ശക്തമായ സ്റ്റാർട്ടപ്പ് ഇക്കോസിസ്റ്റത്തിന് ഇതൊരു സുപ്രധാന നേട്ടമാണെന്ന് കെഎസ് യുഎം സിഇഒ അനൂപ് അംബിക പറഞ്ഞു. നവീകരണവും സംരംഭകത്വവും പരിപോഷിപ്പിക്കുന്നതിനുള്ള സംസ്ഥാനത്തിൻറെ അചഞ്ചലമായ സമർപ്പണത്തിന് ഇത് തെളിവാണ്. മറ്റു സ്റ്റാർട്ടപ്പുകൾക്ക് മാതൃകയാക്കാവുന്ന ഉന്നത നിലവാരം ഫ്യൂസ് ലേജ് ഇന്നൊവേഷൻസിനുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

## കെ.എം. മാണി സ്മാരകത്തിന് സ്ഥലം അനുവദിച്ചത് നല്ല തീരുമാനം, യുഡിഎഫ് നിമിത്തമായതിൽ സന്തോഷം: വി.ഡി. സതീശൻ

തിരുവനന്തപുരം: മുൻമന്ത്രിയും കേരള കോൺഗ്രസ് എം നേതാവുമായിരുന്ന കെ.എം. മാണിക്ക് സ്മാരകം പണിയാൻ തിരുവനന്തപുരത്ത് സ്ഥലം അനുവദിച്ച സർക്കാർ നടപടി നല്ല തീരുമാനമാണെന്ന് പ്രതിപക്ഷ നേതാവ് വി.ഡി. സതീശൻ. ആ സ്ഥലം കിട്ടാൻ യുഡിഎഫ് നിമിത്തമായതിൽ വലിയ സന്തോഷമുണ്ടെന്നും അദ്ദേഹം പറഞ്ഞു.

വരാനിരിക്കുന്ന തലമുറ കെ.എം മാണിസാർ ആരായിരുന്നു എന്ന് തിരിച്ചറിയാൻ അദ്ദേഹത്തിന് ഒരു സ്മാരകം വേണമെന്നും അദ്ദേഹം വ്യക്തമാക്കി.

10 കൊല്ലമായി കൊടുക്കാത്ത സ്ഥലം ഇപ്പോൾ എങ്ങനെ വന്നു. ഇക്കാര്യം ഇടതുപക്ഷംതന്നെ ചെയ്യണം. കാരണം അദ്ദേഹത്തെ അങ്ങനെയെല്ലാം അപമാനിക്കാൻ ശ്രമിച്ച ആളുകളാണ് ഇപ്പോൾ അധികാരത്തിലിരിക്കുന്നത്.

മാണിസാർ ജീവിച്ചിരിക്കുമ്പോൾ നരകത്തീയിൽ വെന്തുമരിക്കണമെന്ന് പ്രസംഗിച്ച ആളുകളാണ് സിപിഎം നേതാക്കൾ. അങ്ങനെ നരകത്തീയിൽ വെന്തുമരിക്കണമെന്ന ശാപവാക്കുകൾ ചൊരിഞ്ഞ കെ.എം. മാണി സാറിന് തിരുവനന്തപുരത്ത് സ്മാരകം പണിയാൻ അതേ ആളുകൾത്തന്നെ സ്ഥലം അനുവദിച്ചതിലെ സന്തോഷം പങ്കുവയ്ക്കുന്നെന്നും സതീശൻ പറഞ്ഞു.

രാഹുൽ മാങ്കൂട്ടത്തിൽ കേസിലെ അതിജീവിതയുമായുള്ള ചാറ്റ് പുറത്തുവിട്ട ഫെന്നി നൈനാൻറെ നടപടി ചൂണ്ടിക്കാട്ടിയപ്പോൾ, സ്ത്രീകളെ ആര് അപമാനിക്കാൻ ശ്രമിച്ചാലും അത് അനുവദിക്കില്ല. അങ്ങനെയുള്ളവർക്ക് പാർട്ടി താക്കീത് കൊടുക്കും. ആവർത്തിച്ചാൽ അവർ പാർട്ടിയിലുണ്ടാകില്ലെന്നും സതീശൻ പറഞ്ഞു.

ഐഷ പോറ്റി കോൺഗ്രസിലേക്ക് വന്നപ്പോൾ സിപിഎം നേതാക്കൾക്ക് എന്തൊരു സങ്കടമാണെന്നും പ്രതിപക്ഷ നേതാവ് ചോദിച്ചു. എത്ര സിപിഎം നേതാക്കൻമാർ ബിജെപിയിലേക്ക് പോയി. അപ്പോഴൊന്നും സങ്കടമില്ല. ഐഷ പോറ്റി കോൺഗ്രസിൽ ചേർന്നപ്പോഴാണ് വിഷമം.

എകെജി സെൻററിലിരുന്ന് സോഷ്യൽ മീഡിയ നിയന്ത്രിക്കുന്നവർ എന്തൊക്കെയാണ് ചെയ്യുന്നത്. ഷാനിമോൾ ഉസ്മാൻ സിപിഎമ്മിൽ ചേരുമെന്ന് വാർത്ത കൊടുത്തു.

തന്നെക്കുറിച്ച് ഒരു 10 കാർഡുകൾ എല്ലാ ദിവസവും ഇടുന്നുണ്ട്.

ലോകംകണ്ട ഏറ്റവുംവലിയ കൊള്ളക്കാരനാണ് താനെന്നാണ് പ്രചരണം. അതിലൊന്നും ഒരു വിരോധവുമില്ല. അതുവഴി നല്ല പബ്ലിസിറ്റിയാണ് അവർ തനിക്കു നൽകുന്നത്. അവിടെയിരുന്ന് സോഷ്യൽ മീഡിയ നിയന്ത്രിക്കുന്നയാളെ നമ്മൾക്കറിയാമെന്നും സതീശൻ വ്യക്തമാക്കി.

## ഭാര്യയെ മർദിച്ച് അവശയാക്കി തീ കൊളുത്തിയ സംഭവം; ഭർത്താവ് അറസ്റ്റിൽ

തിരുവനന്തപുരം: നാവായിക്കുളത്ത് ഭാര്യയെ മർദിച്ച് അവശയാക്കി തീ കൊളുത്തി കടന്നുകളഞ്ഞ സംഭവത്തിൽ ഭർത്താവ് അറസ്റ്റിൽ. നാവായിക്കുളം വെള്ളൂർക്കോണം സ്വദേശി ബിനുവാണ് അറസ്റ്റിലായത്. കൊല്ലത്തുള്ള ബന്ധു വീട്ടിൽ നിന്ന് കഴിഞ്ഞ ദിവസം രാത്രിയാണ് പോലീസ് ബിനുവിനെ അറസ്റ്റ് ചെയ്തത്.

പ്രതിയുടെ ആക്രമണത്തിൽ കൈയ്ക്കും കാലിനും പൊട്ടൽ സംഭവിക്കുകയും പൊള്ളലേൽക്കുകയും ചെയ്ത ഭാര്യ മുനീശ്വരി ആശുപത്രിയിൽ ചികിത്സയിലാണ്. തിരുവനന്തപുരം ഗവ.മെഡിക്കൽ കോളജ് ആശുപത്രിയിലാണ് മുനീശ്വരി ചികിത്സയിലുള്ളത്.

ഇക്കഴിഞ്ഞ 13ന് രാവിലെ ഏഴരയോടെയായിരുന്നു സംഭവം.ചുറ്റിക കൊണ്ടും കാറ്റാടിക്കഴ കൊണ്ടും ബിനു മുനീശ്വരിയെ ക്രൂരമായി മർദിക്കുകയായിരുന്നു. തുടർന്ന് വാതിൽ പൂട്ടി വാതിലിനടിയിലൂടെ ഇന്ധനം ഒഴിച്ച് കത്തിച്ചശേഷം ബിനു ഇരുചക്ര വാഹനത്തിൽ രക്ഷപ്പെടുകയായിരുന്നു.

നിലവിളി കേട്ട് ഓടിയെത്തിയ അയൽവാസികളാണ് വാതിൽ ചവിട്ടിത്തുറന്ന്, തീയണച്ച് മുനീശ്വരിയെ ആശുപത്രിയിലെത്തിച്ചത്.കുടുംബ വഴക്കാണ് അക്രമത്തിൽ കലാശിച്ചതെന്നാണ് വിവരം.

സംഭവത്തിന് ശേഷം പോലീസും ഫോറൻസിക് വിദഗ്ദ്ധരും വീട്ടിൽ പരിശോധന നടത്തിയതിൽ നിന്ന് മണ്ണെണ്ണയുടെയും പെട്രോളിൻറെയും സാന്നിധ്യം കണ്ടെത്തിയിരുന്നു.കോടതിയിൽ ഹാജരാക്കിയ പ്രതിയെ റിമാൻഡ് ചെയ്തു.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

# സമൂഹ മനസാക്ഷിയെ തൊട്ട് കൗമാര പ്രതിഭകളുടെ മോണോ ആക്റ്റ് മത്സരങ്ങൾ




തൃശ്ശൂർ: സംസ്ഥാന സ്കൂൾ കലോത്സവത്തിൽ മോണോ ആക്റ്റ് മത്സരം നടന്ന 14ാം നമ്പർ വേദിയായ നന്ത്യാർവട്ടത്തിൽ കാഴ്ചക്കാർ കണ്ടത് കൗമാരക്കാരുടെ മിന്നും പ്രകടനങ്ങൾ. സമകാലിക വിഷയങ്ങളെ പ്രമേയമാക്കി വേദിയിൽ അഭിനയിച്ചു തകർത്ത കുരുന്നു പ്രതിഭകൾ വാരിക്കൂട്ടിയ കയ്യടികൾക്കും കണക്കില്ല.

വയനാട്ടിലെ മുണ്ടക്കൈ ചൂരൽമല മണ്ണിടിച്ചിൽ മുതൽ ജനപ്രതിധികൾ പ്രതികളായ സ്ത്രീപീഢനക്കേസും അറസ്റ്റും മാധ്യമ ചർച്ചകളും സ്വർണപ്പാളി വിവാദവും മുതൽ കുട്ടികളുടെ പ്രതിഭയെ കാർന്നു തിന്നുന്ന ലഹരി ഉപയോഗവും സിനിമയിലെ അതിരുകവിഞ്ഞ വയലൻസുമെല്ലാം കുട്ടികൾ അവരുടെ കലാരൂപത്തിന് ആയുധമാക്കി. സമൂഹ മനസാക്ഷിയെ തൊടുന്ന പ്രമേയങ്ങൾ ഹൃദയഹാരിയായി അവതരിപ്പിച്ചാണ് കൗമാര പ്രതിഭകൾ ഇക്കുറി സംസ്ഥാന സ്കൂൾ കലോത്സവത്തിന്റെ മോണോ ആക്റ്റ് വേദിയെ വേറിട്ടതാക്കിയത്.

കാശ്മീരിലെ പഹൽഗാമിൽ നിരപരാധികളായ ടൂറിസ്റ്റുകളെ വെടിവെച്ചു കൊന്ന തീവ്രവാദവും ആൺകുട്ടികളുടെയും പെൺകുട്ടികളുടെയും മോണോ ആക്റ്റ് മത്സരങ്ങളുടെ പ്രമേയമായി. ഒന്നിനൊന്ന് മികച്ച നിന്ന കുട്ടികളുടെ പ്രകടനങ്ങൾക്ക് മാർക്കിടാൻ വിധികർത്താക്കളായി എത്തിയവർ നന്നേ പാടുപെടുന്ന വിധത്തിലായിരുന്നു കുട്ടികളുടെ പ്രകടനം.

ആധുനിക കാലത്തെ മാറുന്ന മാധ്യമ സംസ്കാരത്തിൽ പൗരധർമത്തിനും പത്രധർമത്തിനും പുറമേ 'മനോധർമവും' വേണ്ടുവോളം ചേർത്ത് അന്തിചർച്ച നടത്തി രസിക്കുന്ന നവമാധ്യമങ്ങളെ കണക്കിന് പരിഹസിക്കുന്നതായിരുന്നു പാലക്കാട് ഭാരത് മാതാ ഹയർ സെക്കൻഡറി സ്കൂളിലെ കെ.എസ്. മാധവ് ശങ്കറിന്റെ പ്രകടനം.

അവയവ ദാനത്തിന്റെ പ്രാധാന്യത്തെ കുറിച്ച് കണ്ണൂർ മമ്പ്രം എച്ച്എസ്എസ് ഒൻപതാം ക്ലാസ് വിദ്യാർഥി സൂര്യദേവ്, മാതാപിതാക്കളുടെ സ്നേഹം ലഭിക്കാതെ ജീവിതത്തിൽ ലഹരിയുടെയും ഇന്റർനെറ്റ് ദുരുപയോഗത്തിന്റെയുമെല്ലാം തെറ്റായ വഴികളിലൂടെ സഞ്ചരിക്കേണ്ടി വരുന്ന കൗമാരപ്രായക്കാരെ കുറിച്ച് എറണാകുളം പൊന്നുരുന്നി സെന്റ് റീത്താസ് സ്കൂളിലെ എസ് ജെ. നിയുക്തും മോണോ ആക്റ്റ് അവതരിപ്പിച്ചു. തിരുവനന്തപുരം മിതിർമല ഗവ. ബോയ്സ് എച്ച്എസ്എസ് വിദ്യാർഥി നകുൽ നായർ അവതരിപ്പിച്ച ഓപ്പറേഷൻ സിന്ദൂർ പ്രമേയമായ പ്രകടനത്തിനും നിറഞ്ഞ കയ്യടികളാണ് ലഭിച്ചത്.

ഹയർ സെക്കൻഡറി വിഭാഗം പെൺകുട്ടികളുടെ മോണോ ആക്റ്റ് മത്സരങ്ങളിൽ പോസ്റ്റ് പാർട്ടം ഡിപ്രഷൻ ഉൾപ്പെടെ സ്ത്രീകൾ അനുഭവിക്കുന്ന പ്രയാസങ്ങളും പ്രമേയമായി.

അമ്പലപ്പുഴ ജിഎംഎച്ച്എസ്എസ് പ്ലസ് വൺ വിദ്യാർഥിനിയായ എസ്. അഞ്ജനയാണ് പ്രസവാനന്തരം സ്ത്രീകൾ അനുഭവിക്കുന്ന മാനസിക വെല്ലുവിളിയായ പോസ്റ്റ് പാർട്ടം ഡിപ്രഷൻ എന്ന വിഷയത്തിൽ മോണോ ആക്റ്റ് അവതരിപ്പിച്ചത്. മോണോ ആക്റ്റിലൂടെ ഈ വിഷയത്തെ കുറിച്ച് ആളുകൾക്ക് കുറച്ചുകൂടി അവബോധം നൽകാൻ സാധിച്ചതായും എസ്. അഞ്ജന ദീപിക ഡോട്ട്കോമിനോട് പറഞ്ഞു.ങീ

അടുത്തിടെ പോസ്റ്റ്പാർട്ടം ഡിപ്രഷൻ ബാധിച്ച് താൻ ജന്മം നൽകിയ കുഞ്ഞിനെ കൊലപ്പെടുത്തുകയും പിന്നീട് ആത്മഹത്യ ചെയ്യുകയും ചെയ്ത കൊല്ലം കുണ്ടറ സ്വദേശിയായ ദിവ്യ ജോണി എന്ന സ്ത്രീയുടെ ജീവിതമാണ് ഇത്തരത്തിലൊരു കലാവിഷ്കാരത്തിന് തന്നെ പ്രേരിപ്പിച്ചതെന്നും എസ്. അഞ്ജന വ്യക്തമാക്കി.

കീഴാളരെ അടിച്ചമർത്തിക്കൊണ്ടുള്ള വരേണ്യ അധിനിവേശത്തിന്റെ കഥ പറഞ്ഞ് സംസ്ഥാന അവാർഡ് നേടിയ പി.ജയമോഹന്റെ മാടൻമോക്ഷം എന്ന കൃതി അവതരിപ്പിച്ച് വയനാട് ഡബ്ല്യൂ.ഒ.എച്ച്.എസ്.എസ്. പിണങ്ങോട് സ്കൂളിലെ വൈഗ എസ് .ദിനേഷും ശ്രദ്ധേയായി.

# കല മരുന്നാക്കി സാവിത്രിയമ്മ @90

തൃശൂർ: കലയും യാത്രയുമാണ് സാവിത്രിയമ്മയുടെ മരുന്നും ജീവിതവും. കലോത്സവവേദികളിലെത്തിയാൽ സാവിത്രിയമ്മ ഉഷാറാകും. രോഗവും രോഗാതുരതകളുമെല്ലാം മറക്കും. സാഹിത്യ അക്കാദമി ഹാളിലെ ഓട്ടൻതുള്ളൽ വേദിയിലെത്തിയപ്പോഴും സാവിത്രിയമ്മ രോഗവും രോഗം സൃഷ്ടിച്ച ബുദ്ധിമുട്ടുകളും മറന്നു...

ഗുരുവായൂർ ചൂണ്ടൽ ഇടവന വീട്ടിൽ പരേതനായ നാരായണൻനായരുടെ ഭാര്യ സാവിത്രിയമ്മയ്ക്ക് 90-ാം വയസിൽ രോഗത്തെ അതിജീവിക്കാനുള്ള മരുന്നാണ് കലയും കലോത്സവവും. ഭാരത് പെട്രോളിയത്തിലെ ജീവനക്കാരനായിരുന്ന ഭർത്താവിൻറെ വിയോഗം സൃഷ്ടിച്ച വിഷമവുമായി വീട്ടിൽ കഴിയവേ സാവിത്രിയമ്മയ്ക്കു സ്ട്രോക്കുണ്ടായി. ദിവസവും 20ലധികം മരുന്നുമായി കഴിഞ്ഞിരുന്ന സാവിത്രിയമ്മയ്ക്കു മകൻ രാജഗോപാൽ നൽകിയ ആൻറിബയോട്ടിക് മരുന്നാണ് കലാസ്വാദനവും യാത്രയും.

ചെറുപ്പം മുതൽ കലയെയും കലാകാരൻമാരെയും സ്നേഹിച്ചിരുന്ന അമ്മയെ കലാവേദികളിൽ ആസ്വാദകയായി എത്തിച്ചു. നല്ല പ്രായത്തിൽ നേടാൻ കഴിയാത്തതൊക്കെയും നേടണം, കാണാതെ പോയ കാഴ്ചകളെല്ലാം കാണണം - ഇതാണ് സാവിത്രയമ്മയുടെ ആഗ്രഹം.

തീർഥാടനകേന്ദ്രങ്ങളും വിനോദസഞ്ചാരകേന്ദ്രങ്ങളും കലാവേദികളുമായി 700ലധികം വേദികൾ ഇതിനോടകം പിന്നിട്ടു. 425 അമ്പലങ്ങളിൽ പോയി. മുഖ്യമന്ത്രി പിണറായി വിജയനെ കാണുന്നതിനുള്ള ആഗ്രഹം രണ്ടുമാസംമുമ്പ് തൃശൂർ രാമനിലയത്തിൽ മകൻ സാക്ഷാത്കരിച്ചു. ചലച്ചിത്രതാരം മഞ്ജുവാര്യരെയും ഐ.എം. വിജയനെയും നേരിൽകണ്ടു....

അടുത്തനാളിൽ വീണ് ഇടുപ്പിന് പരിക്കുപറ്റിയെങ്കിലും കഴിഞ്ഞദിവസം ടെലിവിഷനിലൂടെ കലോത്സവം തൃശൂരാണെന്ന് അറിഞ്ഞപ്പോൾമുതൽ മകനോട് എങ്ങനെയും പോകണമെന്ന ആഗ്രഹം പറഞ്ഞു. ഓട്ടൻതുള്ളൽ മത്സരം കാണാൻ വീൽചെയറിലാണ് എത്തിയത്. തുള്ളൽകലാകാരൻമാരെയെല്ലാം അനുഗ്രഹിച്ച് മത്സരം കണ്ടാണ് മടങ്ങിയത്.

വയസ് 90 ആയെങ്കിലും സാവിത്രിയമ്മ നല്ലതുപോലെ പാടും. തുള്ളൽപാട്ടുകൾ മത്സരാർഥികൾക്കൊപ്പം പാടിയപ്പോൾ എല്ലാവർക്കും അദ്ഭുതം.സാഹിത്യ അക്കാദമിയിലെ ഓട്ടൻതുള്ളൽ വേദിയിലെത്തിയ സാവിത്രിയമ്മ മത്സരാർഥിയെ അനുഗ്രഹിക്കുന്നു.

# വാർപ്പു മാതൃകകളെ തച്ചുടച്ച് നാടകങ്ങൾ

തൃശൂർ: സമൂഹത്തിലെ സമകാലികസ്ഥിതിവികാസങ്ങൾ, രാഷ്ട്രീയ, സാമൂഹിക അനീതികൾ, അധികാര ദുരുപയോഗങ്ങൾ, ജാതി മത വർണ വിവേചനം എന്നിവയെ ആക്ഷേപഹാസ്യത്തിൻറെ മൂർച്ചയിൽ ചോദ്യംചെയ്ത് ഹൈസ്കൂൾ വിഭാഗം നാടകങ്ങൾ.

ഇതുവരെ കണ്ടിരുന്ന വാർപ്പുമാതൃകകളെ തച്ചുടച്ചാണ് മിക്ക നാടകങ്ങളും അരങ്ങിലെത്തിയത്. ഗൗരവതരമായ വിഷയങ്ങൾ കാണികളിലേക്കു സമ്മർദരൂപേണ സംവദിപ്പിക്കുക എന്ന കലോത്സവനാടകങ്ങളുടെ പൊതുരീതി വിട്ട്, കളിചിരികളും പാട്ടും നൃത്തവുമെല്ലാം കൂട്ടുപിടിച്ചുള്ള അവതരണമായിരുന്നു ഇക്കുറി. പതിനാറു നാടകങ്ങളിലെറെയും ഈ ശൈലിയിലായിരുന്നു.

ലോകരാഷ്ട്രങ്ങളെ ആകമാനം ബാധിക്കുന്ന പ്രശ്നങ്ങളിൽനിന്ന് പ്രതിപാദ്യവിഷയങ്ങൾ കേരളത്തിൻറെ ജീവിതചര്യകളിലേക്കും പൊതുവായ സ്വഭാവങ്ങളിലേക്കും ചുരുങ്ങിയതാണ് പ്രകടമായ സവിശേഷത. ഫാസിസം, വർഗീയത എന്നിവ ചർച്ച ചെയ്യുന്ന നാടകങ്ങളും പിന്നോട്ടുമാറി.

കേരളത്തിൽ പണ്ടേക്കുപണ്ടേ പറഞ്ഞുകേൾക്കുന്ന ഒരു ചെറിയ അന്ധവിശ്വാസത്തെക്കുറിച്ചാണ് കാസർഗോഡ് ഇരിയണ്ണി ജിവിഎച്ച്എസ്എസ് അവതരിപ്പിച്ച മരണപ്പാച്ചിൽ പറഞ്ഞത്. അരണ കടിച്ചാൽ മരിക്കും എന്ന കേട്ടുകേൾവി ഒരു ജീവിവിഭാഗത്തെയും അതിനൊപ്പമുള്ള മറ്റു ജീവജാലങ്ങളെയും എങ്ങനെ ബാധിക്കുന്നു എന്നതായിരുന്നു നാടകത്തിൻറെ പ്രമേയം.

പരന്പരാഗത തൊഴിലുകൾ ചെയ്ത് തെരുവുകളിൽ ജീവിക്കുന്നവർ മാറുന്ന കാലത്തിൽ നേരിടുന്ന പ്രശ്നങ്ങളും പട്ടിണിയുമാണ് കോട്ടയം മൗണ്ട് കാർമൽ ഹൈസ്കൂളിൻറെ നാടകമായ സൈക്കിളിൽ. പത്തനംതിട്ട റിപ്പബ്ലിക്കൻ വൊക്കേഷണൽ ഹയർസെക്കൻഡറി സ്കൂളിലെ വിദ്യാർഥികൾ ചൊപ്പനം എന്ന നാടകത്തിലൂടെ മടിയനായ ഒരാൾക്കു നിധികിട്ടുന്ന കഥപറഞ്ഞ് കേരളത്തിൻറെ കാർഷികരംഗത്തെ തകർച്ച തുറന്നുകാട്ടി.

കുട്ടികളിലെ അപകർഷബോധവും മത്സരബുദ്ധിയും സ്വന്തം ബുദ്ധിയും കഴിവും ഉപയോഗിച്ചുള്ള അതിജീവനവും, മലയാളികളുടെ മാറുന്ന ഭക്ഷണശീലം വരുത്തുന്ന വിനകളും, ബ്രോയ്‌ലർ ചിക്കനെപ്പോലെ വിദ്യാർഥികളെ വളർത്തിയെടുക്കുന്ന വിദ്യാഭ്യാസരീതികളും പണംനൽകി പുരസ്കാരങ്ങൾ വാങ്ങുന്ന പ്രവണതകളുമെല്ലാം നാടകപ്രമേയങ്ങളിൽ ഇടംപിടിച്ചു.ശക്തമായ പ്രമേയങ്ങളും അപൂർവമായ രംഗസംവിധാനങ്ങളും അഭിനയവൈദഗ്ധ്യവും കൊണ്ട് ചില നാടകങ്ങൾ കാണികളുടെ കൈയടി നേടിയപ്പോൾ, ചില നാടകങ്ങളിലെ കൃത്രിമത്വവും നിലവാരത്തകർച്ചയും മടുപ്പിച്ചു.

## രാജസ്ഥാനിൽ പെൺകുട്ടികളെ ലൈംഗികമായി പീഡിപ്പിച്ച പിതാവ് അറസ്റ്റിൽ

ജയ്പുർ: രാജസ്ഥാനിൽ പെൺമക്കളെ പീഡിപ്പിച്ച പിതാവ് അറസ്റ്റിൽ. ജോധ്പുരിലാണ് സംഭവം.

18,15 വയസുള്ള പെൺകുട്ടികളാണ് പീഡിപ്പിക്കപ്പെട്ടത്. ഒരു മാസം മുമ്പ് ഇളയ മകൾ ഈ വിവരം സഹോദരിയോടു പറഞ്ഞപ്പോഴാണ് സംഭവം പുറത്തറിയുന്നത്.

മൂത്ത മകളെ 12 വർഷത്തിലേറെയായി ഉപദ്രവം തുടരുകയായിരുന്നു. ഇതേക്കുറിച്ച് അമ്മയോടോ മറ്റ് ബന്ധുക്കളോടോ പറയരുതെന്നും പറഞ്ഞാൽ കൊലപ്പെടുത്തുമെന്നും ഭീഷണിപ്പെടുത്തിയായിരുന്നു പീഡനം.

ഇളയ സഹോദരിയുടെ നിർബന്ധത്താലാണ് മുത്ത സഹോദരി വിവരം അമ്മയോട് പറയാൻ തയാറായത്. തുടർന്ന് ഈ വിഷയത്തെ ചൊല്ലി കുടുംബത്തിൽ തർക്കം രൂക്ഷമായിരുന്നു.ഒളിവിൽ പോയ പ്രതിയെ കളക്ടറേറ്റ് പരിസരത്തുനിന്നു പിടികൂടി എഫ്ഐആർ രജിസ്റ്റർ ചെയ്തു.ഭീഷണിപ്പെടുത്തൽ, ലൈംഗിക പീഡനം എന്നീ കുറ്റങ്ങൾ ചുമത്തി പോക്സോ നിയമ പ്രകാരമാണ് ഇയാൾക്കെതിരേ കേസെടുത്തിരിക്കുന്നത്.

## യുഡിഎഫ് ചവിട്ടി പുറത്താക്കിയപ്പോൾ ചേർത്ത് പിടിച്ചത് പിണറായി: എൽഡിഎഫിൽ ഉറച്ചുനിൽക്കുമെന്ന് ജോസ് കെ. മാണി

തിരുവനന്തപുരം: കേരള കോൺഗ്രസ് എമ്മിനെ യുഡിഎഫ് ചവിട്ടി പുറത്താക്കിയപ്പോൾ സംരക്ഷിച്ചത് പിണറായി വിജയനാണെന്ന് ചെയർമാൻ ജോസ് കെ. മാണി. ഇറക്കിവിട്ട സ്ഥലത്തേക്ക് എങ്ങനെ പോകണമെന്നും ജോസ് ചോദിച്ചു. എൽഡിഎഫിൽ ഉറച്ചുനിൽക്കുമെന്നും അദ്ദേഹം വ്യക്തമാക്കി.യുഡിഎഫ് പ്രവേശനം തുറക്കാത്ത അധ്യായമാണെന്നും ജോസ് വ്യക്തമാക്കി. യുഡിഎഫ് നേതാക്കളുമായി ഒരു ചർച്ചയും നടത്തിയിട്ടില്ല. നിയമസഭ തെരഞ്ഞെടുപ്പിൽ 13 സീറ്റ് ആവശ്യപ്പെടുമെന്ന് ജോസ് പറഞ്ഞു.

എൽഡിഎഫ് മധ്യമേഖല ജാഥ ജോസ് കെ. മാണി നയിക്കുമെന്നും അദ്ദേഹം പറഞ്ഞു. കോട്ടയത്ത് മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം.

ഭരണപക്ഷത്തെങ്കിലും ചില വിഷയങ്ങളിൽ കേരള കോൺഗ്രസ് എം വേറിട്ട നിലപാട് എടുത്തു. ചില കാര്യങ്ങളിൽ പ്രതിപക്ഷത്തെക്കാൾ കൂടുതൽ എതിർപ്പ് ഉയർത്തി.

വന്യമൃഗശല്യത്തിന് പരിഹാരം ആവശ്യപ്പെട്ടത് കേരള കോൺഗ്രസാണ്. മുനമ്പം വിഷയത്തിലും ആദ്യം ഇടപെട്ടത് കേരള കോൺഗ്രസ് എം ആണ്. ഒരു വിഷയത്തിൽ ഇടപെടുന്പോൾ ആ വിഷയത്തിൽ പരിഹാരം കാണുന്നതുവരെ അതിൽ ഉറച്ചുനിൽക്കുമെന്നും ജോസ് കൂട്ടിച്ചേർത്തു.

## യുഡിഎഫിൻെറ അടുത്ത വിസ്മയം എൻസിപി ചർച്ച മുറുകി

കൊല്ലം: അടുത്ത നിയമസഭ തെരഞ്ഞെടുപ്പിനുമുന്പു വിസ്മയം സൃഷ്ടിക്കാൻ ഒരുങ്ങുന്ന യുഡിഎഫ് നേതൃത്വം അടുത്ത നീക്കം ആരംഭിച്ചു. നിലവിൽ മന്ത്രിസ്ഥാനം ഉൾപ്പെടെ സ്വീകരിച്ചു എൽഡിഎഫിൽ തുടരുന്ന എൻസിപി ശരത് പവാർ വിഭാഗം യുഡിഎഫിൻറെ ഭാഗത്തേക്കു ചെരിയാനുള്ള സാധ്യത വർധിച്ചു. ഇതുസംബന്ധിച്ചു കേരളത്തിലെ കോൺഗ്രസ് നേതൃത്വം ശരത് പവാറുമായി ചർച്ച നടത്തിയതായി അറിയുന്നു.

എൽഡിഎഫിൽ ഉറച്ചു നിൽക്കണമെന്നു വാദിക്കുന്ന സംസ്ഥാന പ്രസിഡൻറ് തോമസ് കെ. തോമസ് , മന്ത്രി എൻ.കെ. ശശീന്ദ്രൻ എന്നിവരെ മാറ്റിനിർത്തികൊണ്ടുള്ള നീക്കമാണ് ശരത് പവാർവിഭാഗത്തിനുവേണ്ടി അഖിലേന്ത്യാ വർക്കിംഗ് പ്രസിഡൻറ് പി.സി. ചാക്കോ നടത്തുന്നത്. ഇതിൻറെ ഭാഗമായി സംസ്ഥാന അധ്യക്ഷനായി തുടരുന്ന തോമസ് കെ. തോമസിനെ മാറ്റാനുള്ള നീക്കവും ആരംഭിച്ചു.

തോമസ് കെ. തോമസും ശശീന്ദ്രനും ചേർന്നുള്ള കൂട്ടുകെട്ടാണ് പി.സി. ചാക്കോയ്ക്കു വിനയായത്. ഇതിനുള്ള പ്രതികാരംകൂടിയാണ് മുന്നണി മാറ്റം. തോമസ് കെ. തോമസും ശശീന്ദ്രനും നേതൃത്വം നൽകുന്ന വിഭാഗം എൽഡിഎഫിൽതന്നെ തുടരാനാണ് സാധ്യത. വടക്കൻ മേഖലയിൽനിന്നുള്ള നേതാവിനെ സംസ്ഥാന അധ്യക്ഷനാക്കാനും ഉപാധ്യക്ഷനായി മധ്യതിരുവിതാംകൂറിലെ നേതാവിനെയുമാണ് പാർട്ടി മുന്നിൽ കാണുന്നത്. അഖിലേന്ത്യാ വർക്കിംഗ് പ്രസിഡൻറായ പി.സി. ചാക്കോ വരും ദിവസങ്ങളിൽ ശരത് പവാറുമായി മുംബൈയിൽ ചർച്ച നടത്തും. അന്തരിച്ച മുൻ കുട്ടനാട് എംഎൽഎ തോമസ് ചാണ്ടിയുടെ സഹോദരനാണ് തോമസ് കെ.തോമസ്.

നിയമസഭാ തെരഞ്ഞെടുപ്പ് അടുത്തു വരുന്ന സാഹചര്യത്തിൽ മത്സരിക്കാനുള്ള സീറ്റ് ലക്ഷ്യമിട്ടാണ് പി.സി. ചാക്കോ തിരിച്ചു വരവിനു ശ്രമിക്കുന്നത് എന്നാണ് വിവരം. യുഡിഎഫിലേക്കു വന്നാൽ പി.സി.ചാക്കോയ്ക്കു മത്സരിക്കാനുള്ള അവസരം ലഭിക്കും. കഴിഞ്ഞ തവണ എൻസിപി മൂന്നു സീറ്റുകളിലാണ് മത്സരിച്ചത്. കുട്ടനാട്ടിൽ തോമസ് കെ. തോമസ്, എലത്തൂരിൽ എ.കെ. ശശീന്ദ്രൻ, കോട്ടയ്ക്കലിൽ എൻ. മമ്മൂട്ടി. ഇതിൽ മമ്മൂട്ടി മാത്രമാണ് തോറ്റത്. അദ്ദേഹം അജിത്ത് പവാറിൻറെ എൻസിപിയിലേക്കു മാറി സംസ്ഥാന പ്രസിഡൻറായി. ഇക്കുറി രണ്ടു സീറ്റ് മാത്രമാകും എൽഡിഎഫിൽ എൻസിപി (എസ്പി)ക്കു ലഭിക്കുക എന്നാണ് സൂചന. എന്നാൽ, യുഡിഎഫിലേക്കു വന്നാൽ നാലോ അഞ്ചോ സീറ്റ് ചോദിക്കാൻ സാധിക്കുമെന്നാണ് നേതാക്കളുടെ പ്രതീക്ഷ.

ഇതിനിടെ, പി.സി. ചാക്കോ രംഗത്തു വന്നിരിക്കുന്നത് എറണാകുളം, തൃശൂർ ജില്ലകളിൽ ഒരു സീറ്റ് ലക്ഷ്യമിട്ടാണെന്നും സൂചനയുണ്ട്. എന്നാൽ, പി.സി.ചാക്കോയെ ഒതുക്കി എൽഡിഎഫിൽതന്നെ തുടരാനുള്ള അണിയറ നീക്കം തോമസ് കെ. തോമസും ശശീന്ദ്രനും നടത്തുന്നുണ്ട്.

ഇന്ത്യാ മുന്നണിയിൽ തുടരുന്ന സാഹചര്യത്തിൽ എൽഡിഎഫിൽ തുടർന്നാലും പ്രശ്നമില്ലെന്നാണ് ഇവരുടെ വാദം. എന്നാൽ, അഖിലേന്ത്യാ നേതൃത്വം തീരുമാനിച്ചാൽ ഇവർക്കു പുതിയ പാർട്ടി രൂപീകരിക്കേണ്ടിവരും.

### സൈബർ സെൽ എടുത്ത കേസ് റദ്ദാക്കണം; ഹൈക്കോടതിയെ സമീപിച്ച് ഫെനി നൈനാൻ

പത്തനംതിട്ട: രാഹുലിൽ മാങ്കൂട്ടത്തിൽ എംഎൽഎയ്ക്കെതിരെ ബലാത്സംഗ പരാതി നൽകിയ യുവതിക്കെതിരെ നടത്തിയ സൈബർ അധിക്ഷേപത്തിൽ പത്തനംതിട്ട സൈബർ സെൽ എടുത്ത കേസ് റദ്ദാക്കണമെന്ന് ആവശ്യപ്പെട്ട് ഫെന്നി നൈനാൻ ഹൈക്കോടതിയിൽ. എഫ്ഐആർ റദ്ദാക്കണമെന്നാണ് ഫെന്നിയുടെ ആവശ്യം.രാഹുൽ കേസിലെ അതിജീവിതയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തിയിട്ടില്ലെന്നും സൈബർ പോലീസിന്റെ നടപടി തെറ്റാണെന്നും ഫെന്നി പറയുന്നു. രാഹുലിനെതിരെ ബലാത്സംഗ കേസ് നിലനിൽക്കില്ലെന്ന് മാത്രമേ പറഞ്ഞിട്ടുള്ളൂ.രാഹുലുമായി പരാതിക്കാരി ബന്ധം നിലനിർത്താൻ പിന്നീടും ആഗ്രഹിച്ചിരുന്നു. കേസിൽ പൊലീസ് അറസ്റ്റിന് നീക്കം നടത്തുന്നുവെന്നും ഫൈന്നി പറയുന്നു.

## ലൈഫ് മിഷൻ നാലുലക്ഷം ഭൂരഹിതർക്ക് വീട് നൽകിയിട്ടില്ല: ചെറിയാൻ ഫിലിപ്പ്

തിരുവനന്തപുരം: ഭൂരഹിതരായ ഭവനരഹിതർക്ക് വേണ്ടിയാണ് ലൈഫ് മിഷൻ തുടങ്ങിയതെങ്കിലും നാലു ലക്ഷത്തോളം ഭൂരഹിതർക്ക് വീട് നൽകിയിട്ടില്ലെന്ന് ചെറിയാൻ ഫിലിപ്പ്.

വീട് ലഭിച്ചവരിൽ 95 ശതമാനവും സ്വന്തമായി ഭൂമിയുള്ളവരാണ്. വാസയോഗ്യമോ അല്ലാത്തതോ ആയ വീട് പൊളിച്ചു മാറ്റിയാണ് പുതിയ വീടുകൾ നിർമ്മിച്ചത്. ഭൂരഹിതർക്കായുള്ള നഗരങ്ങളിലെ പ്ലാറ്റ് സമുച്ചയ പദ്ധതി പ്രകാരം വാസസ്ഥലം ലഭിച്ചത് 18,000 പേർക്ക് മാത്രമാണ്. റേഷൻ കാർഡോ മേൽവിലാസമോ ഇല്ലാത്തവരും വാടക വീട് ബന്ധുഗൃഹം, പുറമ്പോക്ക് എന്നിവിടങ്ങളിൽ കഴിയുന്നവരുമായവർ ലൈഫ് മിഷൻ പട്ടികയിൽ ഉൾപ്പെട്ടിട്ടില്ലെന്നും ചെറിയാൻ ഫിലിപ്പ് കൂട്ടിച്ചേർത്തു.

2017-ൽ 6.25 ലക്ഷം പേരും 2021-ൽ 5.5 ലക്ഷം പേരും ലൈഫ് മിഷൻ ഗുണഭോക്ത പട്ടികയിൽ ഉണ്ടായിരുന്നെങ്കിലും ഇതിനകം വീട് ലഭിച്ചത് 4,24,800 പേർക്കു മാത്രമാണ്. അതായത്, പകുതിയിൽ താഴെ. ഒന്നാം പിണറായി സർക്കാരിൻറെ കാലത്ത് പൂർത്തിയാക്കിയത് 2.95 ലക്ഷം വീടുകളാണ്. ഇവയിൽ 50,000 വീടുകൾ ഉമ്മൻ ചാണ്ടി സർക്കാരിൻറെ കാലത്ത് തുടങ്ങിവച്ചതാണ്. രണ്ടാം പിണറായി സർക്കാരിൻറെ കാലത്ത് ഇതുവരെ പൂർത്തിയാക്കിയത് ഒന്നര ലക്ഷത്തോളം വീടുകൾ മാത്രമാണ്. ഒരു ലക്ഷത്തോളം വീടുകൾ പണി തീരാത്ത അവസ്ഥയിലാണ്.

400 ചതുരശ്ര അടി വിസ്തീർണമുള്ള ലൈഫ് മിഷൻ വീടുകൾക്ക് സർക്കാർ അനുവദിക്കുന്നത് നാലുലക്ഷം രൂപയാണെങ്കിൽ ഇപ്പോൾ നിർമാണത്തിന് ഏഴുലക്ഷം രൂപയോളം വേണ്ടി വരുന്നു. ബാക്കി തുക കടം വാങ്ങിയവർ തിരിച്ചടയ്ക്കാനാവാതെ കടക്കെണിയിലാണ്. പ്ലാറ്റുകൾക്ക് ഭൂമി സർക്കാർ കണ്ടെത്തിയാലും ഒരു പ്ലാറ്റിന് 12 ലക്ഷമെങ്കിലും മുടക്കേണ്ടിവരുന്നതുകൊണ്ട് നഗരങ്ങളിലെ ഫ്ലാറ്റ് നിർമാണം ഉപേക്ഷിക്കപ്പെട്ട നിലയിലാണ്.

നാലുലക്ഷം രൂപ ചെലവിടുന്ന ലൈഫ് വീടിൻറെ സർക്കാർ വിഹിതം ഒരു ലക്ഷം രൂപ മാത്രമാണ്. 80,000 രൂപ തദ്ദേശസ്ഥാപനങ്ങളുടെ വികസന ഫണ്ടിൽ നിന്നാണ്. ഹഡ്കോയിൽ നിന്നും കടമെടുത്ത 2.2 ലക്ഷം രൂപ അഞ്ചു വർഷത്തിനുള്ളിൽ തിരിച്ചടയ്ക്കേണ്ടത് പുതിയ പഞ്ചായത്തുകളും നഗരസഭകളുമാണ്. ലൈഫ് മിഷൻ കടം ഭാവിയിൽ എല്ലാ തദ്ദേശസ്ഥാപനങ്ങളെയും വൻ സാമ്പത്തിക പ്രതിസന്ധിയിലാക്കുമെന്നും അദ്ദേഹം വ്യക്തമാക്കി.

## കോൺഗ്രസിലേക്ക് വരുന്നവരെ വർഗവഞ്ചകരെന്ന് വിളിക്കുന്നത് സിപിഎമ്മിൻറെ ഇരട്ടത്താപ്പെന്ന് ചെന്നിത്തല

തിരുവനന്തപുരം: കോൺഗ്രസ് വിട്ട് സിപിഎമ്മിലെത്തിയവർക്കെല്ലാം പരവതാനി വിരിച്ചു സ്വീകരണം കൊടുത്ത് വലിയ പദവികൾ നൽകിയെന്ന് കോൺഗ്രസ് പ്രവർത്തകസമിതി അംഗം രമേശ് ചെന്നിത്തല.

അതേസമയം കോൺഗ്രസിലേക്ക് ആരെങ്കിലും വന്നാൽ അവരെ വർഗവഞ്ചകർ എന്നുവിളിച്ചാക്ഷേപിക്കും. ഇത് ഇരട്ടത്താപ്പാണ്. ഈ ഇരട്ടത്താപ്പ് കേരളത്തിൽ ചിലവാകില്ലെന്നും അദ്ദേഹം പറഞ്ഞു.ഞങ്ങൾ ആരെയും പ്രലോഭിപ്പിച്ച് കൊണ്ടുവരുന്നതല്ല. സിപിഎം നേതൃത്വത്തിൻറെ പ്രവർത്തനങ്ങളിൽ മനം മടുത്ത് ആളുകൾ രാജിവച്ചു പുറത്ത് വരുന്നതാണ്. സിപിഎമ്മിൽ കമ്യൂണിസമില്ലാത്ത് കൊണ്ട് അവർ പുറത്തുവരുന്നതാണ്.കമ്യൂണിസ്റ്റുകാർക്ക് സിപിഎമ്മിൽ തുടരാൻ കഴിയാത്ത അവസ്ഥയുണ്ടായിരിക്കുന്നു. അതിന് കോൺഗ്രസിനെ കുറ്റപ്പെടുത്തിയിട്ടെന്തു കാര്യം. ജനങ്ങൾ വസ്തുതകൾ മനസിലാക്കുന്നുണ്ടെന്ന കാര്യം സിപിഎം നേതാക്കൾ ഓർക്കണമെന്നും ചെന്നിത്തല കൂട്ടിച്ചേർത്തു.

## വിമാനം പുറപ്പെടാൻ വൈകിയതിന് പ്രകോപിതരായി; രണ്ട് യാത്രക്കാരെ വിമാനത്തിൽ നിന്നും പുറത്താക്കി

മുംബൈ: വിമാനം പുറപ്പെടാൻ വൈകിയതിന് ജീവനക്കാരെ അസഭ്യം പറയുകയും അക്രമാസക്തരാകുകയും ചെയ്ത യാത്രക്കാരെ പോലീസിന് കൈമാറി.

മുംബൈയിൽ നിന്നും തായ്‌ലൻഡിലേക്ക് പോകേണ്ടിയിരുന്ന വിമാനമാണ് വൈകിയത്. ചെവ്വാഴ്ച പുലർച്ചെ 4:05 പുറപ്പെടേണ്ടിയിരുന്ന വിമാനം ഉച്ചയ്ക്ക് 1:21 ആയിരുന്നു പുറപ്പെട്ടത്.

വിമാനം വൈകിയെത്തിയതും ജീവനക്കാരുടെ ഡ്യൂട്ടി സമയം കഴിഞ്ഞതും എയർ ട്രാഫിക്കും മൂലമാണ് വിമാനം വൈകിയതെന്ന് യാത്രക്കാരെ അറിയിച്ചുവെങ്കിലും ഇവർ പ്രകോപിതരാകുകയായിരുന്നു.

ജീവനക്കാരോട് അസഭ്യം പറഞ്ഞതിനും വിമാനത്തിൻറെ വാതിലിൽ തൊഴിച്ചതിനും രണ്ട്പേരെ യാത്രയിൽ നിന്നും ഒഴിവാക്കിയതായും സുരക്ഷാ ഉദ്യോഗസ്ഥർക്ക് കൈമാറിയെന്നും ഇൻഡിഗോ പ്രസ്താവനയിൽ അറിയിച്ചു.